കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

വെള്ളൂർ ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001

ഇ-മെയിൽ: doktm.ksad@kerala.gov.in

ഫോൺ : 0481-2564886

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെഎസ്എകെടിഎം പി8-226/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001
തീയ്യതി: 14/03/2023
ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ: 0481-2564886

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വെള്ളൂർ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : വെള്ളൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വെള്ളൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെഎസ്എകെടിഎം പി8-226/2023 തീയ്യതി: 14/03/2023

കോട്ടയം ജില്ലയിലെ വെള്ളൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ വെള്ളൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-09-2021 മുതൽ 31-12-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 41 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 19 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 06-02-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി ബീനാകുമാരി സി ആർ	ഡെപ്യൂട്ടി ഡയറക്ടർ	28-01-2023	06-02-2023

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
28-01-2023	06-02-2023

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ സുമേഷ് പി വി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ ആൽബിൻ സിറിയക്,സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ ബിനീത് രാജൻ,ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ ലൂക്ക് മാത്യു	പ്രസിഡന്റ്	01-04-2021	31-03-2022
ശ്രീ സുരേഷ്കുമാർ കെ	സെക്രട്ടറി	01-04-2021	02-07-2021
ശ്രീമതി പ്രസന്ന എസ് റ്റി	സെക്രട്ടറി-ഇൻ-ചാർജ്ജ്	03-07-2021	11-07-2021
ശ്രീമതി ഉഷാകുമാരി എൻ എൻ	സെക്രട്ടറി	12-07-2021	22-07-2021
ശ്രീമതി പ്രസന്ന എസ് റ്റി	സെക്രട്ടറി-ഇൻ-ചാർജ്ജ്	23-07-2021	04-08-2021
ശ്രീമതി ദേവി പാർവ്വതി എസ്	സെക്രട്ടറി	05-08-2021	31-03-2022

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി പ്രസന്ന എസ് റ്റി	അസിസ്റ്റന്റ് സെക്രട്ടറി	01-04-2021	31-03-2022
ഡോ.ശാന്തി പി ജോൺ	മെഡിക്കൽ ഓഫീസർ പി എച്ച് സി	01-04-2021	31-03-2022
ഡോ.പി രാജേഷ്	മെഡിക്കൽ ഓഫീസർ(ആയുർവേദം)	01-04-2021	31-03-2022
ശ്രീ അനീഷ്കുമാർ ആർ	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ വടകര	01-04-2021	04-10-2021
ശ്രീ രാജേഷ് ഇ ആർ	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ വടകര	05-10-2021	12-10-2021
ശ്രീമതി അനുപമ എ റ്റി	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ വടകര	13-10-2021	31-03-2022
ശ്രീ രാജേഷ് ഇ ആർ	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ വെള്ളൂർ	01-04-2021	13-02-2022
ശ്രീ മനോജ് മുകുന്ദൻ	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ വെള്ളൂർ	14-02-2022	31-03-2022
ശ്രീമതി ജോസ്ന ജോസ്	കൃഷി ഓഫീസർ	01-04-2021	22-09-2021
ശ്രീമതി വിദ്യ വി	കൃഷി ഓഫീസർ	23-09-2021	31-03-2022
ഡോ.അനിൽകുമാർ ബി	വെറ്ററിനറി സർജൻ	01-04-2021	31-03-2022
ശ്രീമതി രേഖ റ്റി നായർ	അസിസ്റ്റന്റ് എഞ്ചിനീയർ	01-04-2021	15-11-2021
ശ്രീമതി മീഡിയ റാണി	അസിസ്റ്റന്റ് എഞ്ചിനീയർ	16-11-2021	24-11-2021

ശ്രീമതി സുമി എസ്	അസിസ്റ്റന്റ് എഞ്ചിനീയർ	25-11-2021	31-03-2022
ശ്രീമതി ബബിത സി ബേബി	ഐ സി ഡി എസ് സൂപ്പർവൈസർ	01-04-2021	28-11-2021
ശ്രീമതി സിന്ധു വാസുദേവൻ	ഐ സി ഡി എസ് സൂപ്പർവൈസർ	29-11-2021	31-03-2022
ശ്രീ പ്രതീഷ്കുമാർ സി	ഡയറി ഫാം ഇൻസ്ട്രക്ടർ	01-04-2021	31-03-2022
ശ്രീമതി കൃഷ്ണ എസ്	അസിസ്റ്റന്റ് ഫിഷറീസ് എക്സ്റ്റെൻഷൻ ഓഫീസർ	01-04-2021	24-12-2021
ശ്രീമതി രശ്മി പി രാജൻ	അസിസ്റ്റന്റ് ഫിഷറീസ് എക്സ്റ്റെൻഷൻ ഓഫീസർ	27-12-2021	31-03-2022
ശ്രീമതി സുപ്രഭ എ വി	ഹെഡ്മിസ്ട്രസ്സ്	01-04-2021	31-05-2021
ശ്രീമതി ജൂബി ജോർജ്ജ്	ഹെഡ്മിസ്ട്രസ്സ്	01-06-2021	12-12-2021
ശ്രീമതി ബീനാ കുര്യൻ	ഹെഡ്മിസ്ട്രസ്സ്	13-12-2021	31-03-2022

ശ്രീമതി സുമി എസ്, അസിസ്റ്റന്റ് എഞ്ചിനീയർ താൽകാലിക നിയമനം അസിസ്റ്റന്റ് ഫിഷറീസ് എക്സ്റ്റെൻഷൻ ഓഫീസർ തസ്തിക 24.12.2021 മുതൽ 26.12.2021 വരെ ഒഴിവായിരുന്നു

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	ബജറ്റ്	1-1
2	വാർഷിക ധനകാര്യപത്രിക	1-2
3	സാമ്പത്തിക വിശകലനം	1-3
4	ഫണ്ട് വിനിയോഗം	1-4
5	വാർഷികപദ്ധതി അവലോകനം.	1-5
6	മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി	1-6
7	സാമൂഹ്യസുരക്ഷ പദ്ധതികൾ	1-7
8	ക്യാഷ് വെരിഫിക്കേഷൻ	1-8
9	ആഭ്യന്തര നിയന്ത്രണം	1-9
10	മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം	1-10
11	കാലാവധി കഴിഞ്ഞ ചെക്കുകൾ സ്റ്റേൽ ചെക്ക് ശീർഷകത്തിലേയ്ക്ക് മാറ്റുന്നില്ല.	1-11
12	ചെക്കുകൾ അക്കൗണ്ടിൽ വരവ് വെക്കുന്നതിൽ കാലതാമസം നേരിടുന്നു	1-12
13	ബാങ്ക് ചാർജ്ജസ് ഈടാക്കുന്നു.	1-13
14	വസ്തുനികുതി നിർണ്ണയം - ഉപയോഗക്രമത്തിന്റെ കൃത്യത ഉറപ്പുവരുത്തിയിട്ടില്ല.	1-14
15	വസ്തുനികുതി - കുടിശ്ശിക	1-15
16	സ്ഥാപനതൊഴിൽ നികുതി -കുടിശ്ശിക	1-16
17	ലൈസൻസ് എടുക്കാതെ സ്ഥാപനങ്ങൾ പ്രവൃത്തിക്കുന്നു.	1-17
18	കൊയ്ത്ത് മെതിയെന്ത്രം ലേലം നടപടികൾ പൂർത്തിയായില്ല.	1-18
19	ടെണ്ടർ ഫീസ് -കറണ്ട് അക്കൗണ്ടിൽ 3,57,313.42/- രൂപ ബാലൻസ്.	1-19
20	അഗതിരഹിത കേരളം - 200000/- രൂപ നഷ്ടപ്പെട്ടു.	1-20
21	തൂമ്പുങ്കൽ വിളക്ക് പാടം തോടിന് കുറുകെ കലുങ്ക് - അപാകതകൾ.	1-21
22	ജനകീയ ഹോട്ടൽ അടിസ്ഥാന സൗകര്യമൊരുക്കൽ - പൂർണ്ണമായില്ല.	1-22
23	തെരുവു വിളക്ക് വാർഷിക അറ്റകുറ്റപ്പണി - മോണിറ്ററിംഗ് രേഖകളില്ല.	1-23
24	തെരുവു വിളക്ക് വാർഷിക അറ്റകുറ്റപ്പണി - രേഖകളില്ല.	1-24
25	ഇൻഷുറൻസ് സർട്ടിഫിക്കറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല	1-25
26	പ്രിന്ററുകൾ ലഭ്യമാക്കിയിട്ടില്ല	1-26
27	മഴക്കാല പൂർവ്വ ശുചീകരണം- രേഖകൾ ഹാജരാക്കിയിട്ടില്ല.	1-27
28	പട്ടിക ജാതി വിദ്യാർത്ഥികൾക്ക് മെറിറ്റോറിയസ് സ്കോളർഷിപ്പ് പദ്ധതി- അപാകതകൾ	1-28

29	വിവാഹ ധന സഹായം- ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്ത വ്യക്തികൾക്ക് ആനുകൂല്യം നൽകി	1-29
30	വീട്ടുവളപ്പിലെ കുളത്തിലെ മത്സ്യകൃഷി - ഗുണഭോക്താവിനെ ഗ്രാമസഭ അംഗീകരിച്ചിട്ടില്ല.	1-30
31	കോഴി വളർത്തൽ (ജനറൽ)- അപാകതകൾ	1-31
32	വരുമാനസർട്ടിഫിക്കറ്റ് പരിശോധിക്കാതെ സബ്സിഡി അനുവദിച്ചു.	1-32
33	കന്നുകുട്ടി പരിപാലനം - അപാകതകൾ	1-33
34	ബിൽ ബുക്ക്, ചെലവ് രേഖകൾ എന്നിവ ഹാജരാക്കിയിട്ടില്ല.	1-34
35	എസ്.സി കുട്ടികൾക്ക് ഫർണ്ണീച്ചർ - പർച്ചേസ് നടപടിക്രമം പാലിച്ചില്ല.	1-35
36	സാക്ഷരത പ്രേരകുമാർക്ക് ഓണറേറിയം നല്കിയത് തിരികെ ലഭിച്ചില്ല	1-36
37	ആസ്തി പരിപാലനം	1-37
38	കോക്ലിയർ ഇംപ്ലാന്റേഷൻ ഉപകരണമെയിന്റനൻസ് ധനസഹായം- ചെലവ് വിവരങ്ങൾ, വിനിയോഗ സാക്ഷ്യ പത്രം എന്നിവ ഹാജരാക്കിയിട്ടില്ല	1-38
39	വിനിയോഗവിവരം ലഭ്യമാകാത്ത പ്രോജക്ട് തുകകൾ.	1-39
40	ലൈഫ് ഭവന പദ്ധതി - അവലോകനം	1-40
41	സി.എഫ്.എൽ.റ്റി.സി - വരവ് ചെലവുകൾ	1-41
42	ആയുർവേദ ആശുപത്രിക്ക് മരുന്ന് - പൂർണ്ണമായി ലഭിച്ചില്ല.	1-42
43	മരുന്ന് ലഭ്യമാക്കിയില്ല	1-43
44	ഐ.കെ.എം വിഹിതം - വിനിയോഗവിവരം ലഭ്യമായില്ല.	1-44
	ഭാഗം **2**	
	--- No Records Found ---	
	ഭാഗം **3**	
1	എസ്.സി കുട്ടികൾക്ക് ഫർണ്ണീച്ചർ - പർച്ചേസ് നടപടിക്രമം പാലിച്ചില്ല.	3-1
2	എസ്.സി കുട്ടികൾക്ക് ഫർണ്ണീച്ചർ - പർച്ചേസ് നടപടിക്രമം പാലിച്ചില്ല.	3-1
	ഭാഗം **4**	
1	വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ വിവരം	4-1
2	സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം	4-2
3	നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ-	4-3
4	മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ	4-4
5	വായ്പ/വായ്പാതിരിച്ചടവ്	4-5
6	സ്ഥിരനിക്ഷേപം	4-6
7	ഓഡിറ്റ് റിക്കവറി	4-7
8	സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലുൾപ്പെട്ട ഖണ്ഡികകളുടെ വിവരങ്ങൾ	4-8
9	ചാർജ് /സർചാർജ് നടപടികളുടെ വിവരം	4-9

10	ഓഡിറ്റ് പ്രത്യവലോകനം	4-10
11	തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ	4-11
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	

ഭാഗം -1

പൊതു അവലോകനം

1-1 ബജറ്റ്

2021-22 വർഷത്തെ ബജറ്റ് 08.02.2021 തീയതിയിലെ 1/1-ാം നം. തീരുമാനപ്രകാരം അംഗീകരിച്ചു. 26.03.2022 തീയതിയിലെ 1/1 നം. തീരുമാനപ്രകാരം ബജറ്റ് പുതുക്കി അംഗീകരിച്ചിട്ടുണ്ട്. പുതുക്കിയ ബജറ്റ് പ്രകാരമുള്ള വരവുചെലവ്, യഥാർത്ഥ വരവ് ചെലവ് എന്നിവയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

ഇനം	ബജറ്റ് പ്രതീക്ഷ	യഥാർത്ഥം
മുന്നിരിപ്പ്	-1484976	3547181
വരവ്	118140580	79263123
ആകെ	116655604	82810304
ചെലവ്	109251363	76779953
നീക്കിയിരിപ്പ്	7404241	6030351

1-2 വാർഷിക ധനകാര്യപത്രിക

ഗ്രാമപഞ്ചായത്ത് കമ്മറ്റിയുടെ 05.05.2022 -ലെ 1/1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ച് ഓഡിറ്റിന് സമർപ്പിച്ച 2021-22 ലെ വാർഷിക ധനകാര്യപത്രികയുടെ ഭാഗമായ റസീറ്റ്സ് ആന്റ് പേയ്മെന്റ് പത്രിക പ്രകാരമുള്ള വർഷാരംഭ മുന്നിരിപ്പ് 3547181 രൂപയും തൻവർഷ വരവ് 79263123 രൂപയും തൻവർഷ ചെലവ് 76779953 രൂപയും വർഷാവസാന നീക്കിയിരിപ്പ് 6030351 രൂപയും ആകുന്നു. തൻവർഷത്തെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ആകെ വരുമാനം 155762861 രൂപയും ആകെ ചെലവ് 159955145 രൂപയും ആകുന്നു. 2021-22 സാമ്പത്തിക വർഷത്തിലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1)26-7-11-ലെ ജി.ഒ (എം.എസ്)152/11-ലെ നിർദ്ദേശങ്ങൾക്കനുസൃതമായി ആസ്തികൾ അക്കൗണ്ടിംഗ് നടത്തിയിട്ടില്ല. ആസ്തികൾക്ക് ഡിപ്രീസിയേഷൻ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും അക്കൗണ്ട്സ് ചട്ടങ്ങൾ പ്രകാരമുള്ള നിരക്കിലാണോ എന്ന് വർക്ക് ഷീറ്റിന്റെ അഭാവത്തിൽ വ്യക്തമല്ല.

2) വസ്തു നികുതിയുടെ വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകൾ സഞ്ചയ പ്രകാരമുള്ള ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകയുമായി പൊരുത്തപ്പെടുന്നില്ല.

3) ഇൻകം ആന്റ് എക്സ്പെൻഡിച്ചർ 1-18 ഷെഡ്യൂളിൽ മുൻവർഷ ഇനമായി ക്രമീകരിച്ച തുകകളുടെ അക്കൗണ്ടിങ്ങ് ക്രമീകരണം നടത്തിയതിന് അടിസ്ഥാനമായ രേഖകൾ ലഭ്യമല്ല.

4)251101402 ശീർഷകത്തിൽ (Financial Assistance For SC/ST Students For Higher Education Admission – SCP) 510000/- രൂപയുടെ ചെലവുണ്ടെങ്കിലും വാർഷിക പദ്ധതിയിൽ മേൽ പ്രോജക്ട് ഉൾപ്പെടുത്തിയിട്ടില്ല.

5)തൊഴിൽ നികുതി,വാടക എന്നിവയുടെ ബന്ധപ്പെട്ട രജിസ്റ്റർ പ്രകാരമുള്ള ഡി സി ബി കണക്കുകൾ, വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല.

6)തൊഴിലുറപ്പ് പദ്ധതി വാർഷിക കണക്ക് പ്രകാരമുള്ള വരവ് ചെലവ് കണക്കുകൾ ക്യാഷ് ബുക്കുമായി പൊരുത്തപ്പെടുന്നില്ല.

7)സർക്കാർ/മറ്റു സ്ഥാപനങ്ങൾ എന്നിവയിലേക്ക് ഒടുക്കാനുള്ള തുകകളുടെ കൃത്യത വ്യക്തമാക്കുന്ന Government/Other ഡ്യൂസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

8)ബി-4 ഷെഡ്യൂളിൽ 320800101 ഗുണഭോക്തൃവിഹിതം ശീർഷകത്തിൽ അവശേഷിക്കുന്ന 214541 രൂപയുടെ കൃത്യത പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കിയില്ല.

9)ബാലൻസ് ഷീറ്റ് ബി 17 ഷെഡ്യൂളിൽ ട്രഷറി തനത് ഫണ്ട് – വി പി എഫ് എ 1-6 പ്രകാരം അവശേഷിക്കുന്ന 41719/- രൂപയുടെ കൃത്യത പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ

ഹാജരാക്കിയില്ല.

10)പൈക ഗ്രാന്റിനത്തിൽ മുൻവർഷ വാർഷിക കണക്കുകൾ പ്രകാരം നീക്കിയിരുപ്പുണ്ടായിരുന്ന 142235/-രൂപയുടെ വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.ബന്ധപ്പെട്ട എ സി ആറിൽ രേഖപ്പെടുത്തലുകളില്ല.

11) ധനകാര്യകമ്മീഷൻ അവാർഡ് വരവ് ചെലവ് കണക്കുകൾ വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള കണക്കുകൾ സുലേഖ ,എ സി ആർ കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

12)തൻവർഷ നിക്ഷേപ പ്രവൃത്തികളുടെ വിവരങ്ങൾ വാർഷിക ധനകാര്യപത്രിക കൃത്യമായി രേഖപ്പെടുത്തിയിട്ടില്ല.

13)ശുചിത്വ മിഷൻ ഗ്രാന്റിൽ നിന്നുള്ള ചെലവുകൾ TSC ശീർഷകത്തിലും ഉൾപ്പെടുത്തിയിരിക്കുന്നു.

പഞ്ചായത്തിന്റെ വാർഷിക കണക്കുകളിൽ നിലനിൽക്കുന്ന മേൽ വിവരിച്ച അപാകതകൾ പരിഹരിച്ച് വിവരം ലഭ്യമാക്കേണ്ടതാണ്.

1-3 സാമ്പത്തിക വിശകലനം

2021-22 വർഷത്തെ റസീറ്റ് & പേമെന്റ് പത്രികയിലെ കണക്കുകളുടെ വിശദാംശവും ഓഡിറ്റ് ചെയ്ത ശേഷം വരവ്, ചെലവ് നഷ്ടം, തടസ്സപ്പെടുത്തിയ തുക എന്നിവ ചുവടെ ചേർക്കുന്നു.

മുന്നിരിപ്പ്	3547181
ഓഡിറ്റ് വർഷത്തെ ആകെ വരവ്	79263123
ആകെ	82810304
ഓഡിറ്റ് വർഷത്തെ ആകെ ചെലവ്	76779953
നീക്കിയിരിപ്പ്	6030351
വരവിനങ്ങളിലുള്ള നഷ്ടം	-
ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	13200
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	2619769

1-4 ഫണ്ട് വിനിയോഗം

ഗ്രാമപഞ്ചായത്തിന്റെ 2021-22 വർഷത്തെ വികസന ഫണ്ട്, മെയിന്റനൻസ് ഫണ്ട്, ധനകാര്യ കമ്മീഷൻ ഗ്രാന്റ്, പ്രത്യേകോദ്ദേശ്യ ഗ്രാന്റുകൾ എന്നിവയുടെ വിനിയോഗ വിവരം ചുവടെ ചേർക്കുന്നു.

ഗ്രാന്റ്-ഇനം	മുന്നിരിപ്പ്	അലോട്ട്മെന്റ് / വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ് / ലാപ്സായ തുക	
വികസന ഫണ്ട്-ജനറൽ*	0	16696000	16696000	16669800	26200	99
വികസന ഫണ്ട്-എസ്.സി.പി**	0	7680000	7680000	7297917	382083	95
വികസന ഫണ്ട്-ടി.എസ്.പി.***	0	6128	6128	0	6128	0
ധനകാര്യ കമ്മീഷൻ	0	3475638	3475638	2200701	1274937	63

ഗ്രാന്റ്(Untied)						
ധനകാര്യ കമ്മീഷൻ ഗ്രാന്റ്(Tied)	0	8381994	8381994	4806840	3575154	57
മെയിന്റനൻസ് ഗ്രാന്റ്-Road*	0	14220783	14220783	11278396	2942387	79
മെയിന്റനൻസ് ഗ്രാന്റ്-Non Road**	0	5576194	5576194	5171202	404992	93
ICDS ഫണ്ട് (കേന്ദ്രവിഹിതം)	76275	779276	855551	855551	0	100
ശുചിത്വ മിഷൻ ഗ്രാന്റ്	1073663	724676	1798339	1616820	181519	90

1. വികസന ഫണ്ട് പൊതുവിഭാഗം,വികസന ഫണ്ട് -എസ്.സി.പി. എന്നിവയുടെ അലോട്ട്മെന്റ് തുകയിൽ സോഴ്സിൽ കുറച്ച തുക ഉൾപ്പെട്ടിട്ടില്ല . ആയതിനാൽ പ്രസ്തുത ഗ്രാന്റുകളുടെ നീക്കിയിരിപ്പും ഗ്രാന്റ് പത്രികയിൽ തെറ്റായി രേഖപ്പെടുത്തിയിരിക്കുന്നു.

2.വികസന ഫണ്ട് പൊതുവിഭാഗത്തിൽ സുലേഖ പത്രിക പ്രകാരം "ജനകീയ ഹോട്ടൽ" (പ്രോജക്ട് നം.110/22) എന്ന പ്രോജക്ടിൽ ചെലവില്ലെങ്കിലും എ സി ആർ പ്രകാരം 26200/- രൂപയുടെ ചെലവുള്ളതായി കാണുന്നു.മേൽ പ്രോജക്ടിൽ 2021-22 വർഷം ചെലവില്ലെന്ന് നിർവ്വഹണോദ്യോഗസ്ഥയായ അസിസ്റ്റന്റ് എഞ്ചിനീയർ ഓഡിറ്റിനെ അറിയിച്ചു.

3.വികസന ഫണ്ട് എസ്.സി.പി വിഭാഗത്തിൽ സുലേഖ പത്രിക പ്രകാരം "വടകര സെറ്റിൽമെന്റ് കോളനി റോഡ് മെയിന്റനൻസ്" (പ്രോജക്ട് നം.55/22) എന്ന പ്രോജക്ടിൽ ചെലവില്ലെങ്കിലും എ സി ആർ പ്രകാരം 117521/- രൂപയുടെ ചെലവുള്ളതായി കാണുന്നു.മേൽ പ്രോജക്ടിൽ 2021-22 വർഷം ചെലവില്ലെന്ന് നിർവ്വഹണോദ്യോഗസ്ഥയായ അസിസ്റ്റന്റ് എഞ്ചിനീയർ ഓഡിറ്റിനെ അറിയിച്ചു.

4.31.03.2022 ലെ സ.ഉ.(സാധാ) നം.2617/2022/ധന ഉത്തരവ് പ്രകാരമുള്ള അലോട്ട്മെന്റായ 6128/-രൂപ റ്റി എസ് പി ശീർഷകത്തിൽ വരവ് വെച്ചിട്ടില്ല.മേൽ തുക എ സി ആർ,ഗ്രാന്റ് സ്റ്റേറ്റ്മെന്റ്,സുലേഖ പത്രിക ,വാർഷിക ധനകാര്യപത്രിക എന്നിവയിൽ പ്രതിഫലിക്കുന്നില്ല.

5.31.03.2022 ലെ സ.ഉ.(സാധാ) നം.2617/2022/ധന ഉത്തരവ് പ്രകാരമുള്ള അലോട്ട്മെന്റായ 114445/-രൂപ മെയിന്റനൻസ് ഗ്രാന്റ്-Non Road ശീർഷകത്തിൽ വരവ് വെച്ചിട്ടില്ല.മേൽ തുക എ സി ആർ,ഗ്രാന്റ് സ്റ്റേറ്റ്മെന്റ്,സുലേഖ പത്രിക ,വാർഷിക ധനകാര്യപത്രിക എന്നിവയിൽ പ്രതിഫലിക്കുന്നില്ല.

6.മെയിന്റനൻസ് ഗ്രാന്റ്-Road എ സി ആർ പ്രകാരം ചെലവായതായി കാണുന്ന താഴെപ്പറയുന്ന പ്രോജക്ടുകളുടെ ചെലവുകൾ സുലേഖ പത്രികയിൽ പ്രതിഫലിക്കുന്നില്ല.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

ക്രമനമ്പർ	പ്രോജക്ട്	ചെലവ് തുക	ബിൽ നം
1	മരതക്കരി കരിപ്പള്ളിമല റോഡ് റീടാറിംഗ്. (47/21-22)	457038/-	428/30.03.2022
2	റേഷൻകടപടി പൈപ്പ്ലൈൻ റോഡ് റീടാറിംഗ്. (41/21-22)	677011/-	435/30.03.2022
	ആകെ	1134049	

.മേൽ പ്രോജക്ടുകളിൽ 2021-22 വർഷം ചെലവില്ലെന്ന് നിർവ്വഹണോദ്യോഗസ്ഥയായ അസിസ്റ്റന്റ് എഞ്ചിനീയർ ഓഡിറ്റിനെ അറിയിച്ചു.

7. ഗ്രാന്റ് പത്രികയിലെ മേഖല തിരിച്ചുള്ള അലോട്ട്മെന്റ് തുകകളുടെ കണക്ക് യഥാർത്ഥ അലോട്ട്മെന്റുമായി പൊരുത്തപ്പെടുന്നില്ല.

8. കേന്ദ്ര വിഹിതത്തിന്റെ അലോട്ട്മെന്റ് , ചെലവ് തുകകളായി ഗ്രാന്റ് സ്റ്റേറ്റ് മെന്റിൽ ബുക്ക് ചെയ്തിരിക്കുന്ന തുകകളുടെ കൃത്യത വ്യക്തമല്ല.

9.പൈക ഗ്രാന്റിനത്തിൽ മുൻവർഷ വാർഷിക കണക്കുകൾ പ്രകാരം നീക്കിയിരുപ്പുണ്ടായിരുന്ന 142235 രൂപയുടെ വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.ബന്ധപ്പെട്ട എ സി ആറിൽ രേഖപ്പെടുത്തലുകളില്ല

അക്കൗണ്ടിങ്ങിലെ മേൽവിവരിച്ച അപാകതകൾ നിലനിൽക്കുന്നതിന്(ഗ്രാന്റ് പത്രിക, സുലേഖ ചെലവ് പത്രിക, ഓൺലൈൻ എ.സി.ആർ. പ്രകാരം) വിധേയമായിട്ടാണ് അനുബന്ധം-2 ഗ്രാന്റ് വിനിയോഗ സാക്ഷ്യപത്രം നൽകിയിട്ടുള്ളത്.

1-5 വാർഷികപദ്ധതി അവലോകനം.

ഗ്രാമപഞ്ചായത്തിന്റെ 2021-22-ലെ വാർഷികപദ്ധതിക്ക് ജില്ലാ ആസൂത്രണസമിതിയുടെ 24.03.22 ലെ ഉത്തരവ് നം. 81898/21/DPC/ DPO/KTM പ്രകാരം പുതുക്കിയ അംഗീകാരം ലഭിച്ചിട്ടുണ്ട്. പദ്ധതി രൂപീകരണത്തിന്റെ മറ്റ് പ്രവർത്തനഘട്ടങ്ങൾ താഴെ ചേർക്കുന്നു.

വാർഷികപദ്ധതിരൂപീകരണഘട്ടങ്ങൾ

പ്രവർത്തനഘട്ടം	നടത്തിയ തീയതി
വർക്കിംഗ് ഗ്രൂപ്പുയോഗം	25.1.21
പദ്ധതിരൂപീകരണഗ്രാമസഭകൾ	31.1.21 മുതൽ 7.2.21 വരെ
വികസനസെമിനാർ	16.2.21
വാർഷികപദ്ധതി അംഗീകാരം	18.2.21

വാർഷികപദ്ധതി -വരവുചെലവുകണക്കുകൾ

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

അംഗീകാരം ലഭിച്ചത് (എണ്ണം)	പദ്ധതി അടങ്കൽ	നടപ്പാക്കിയത് (എണ്ണം)	പദ്ധതി ചെലവ്	നടപ്പാക്കാത്തവ (എണ്ണം)	ചെലവ് ശതമാനം
154	97079407	137	56598357	17	58.3

നിർവ്വഹണോദ്യോഗസ്ഥരും പദ്ധതി നിർവ്വഹണവും

വിവിധ നിർവ്വഹണോദ്യോഗസ്ഥർ നടപ്പാക്കിയ പ്രോജക്ടുകളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.അംഗീകാരം ലഭിച്ച 137 പദ്ധതികൾ ചുവടെ ചേർക്കും പ്രകാരം നിർവ്വഹിച്ചിട്ടുണ്ട്.

ക്രമ നം.	നിർവ്വഹണോദ്യോഗസ്ഥർ	പദ്ധതികളുടെ എണ്ണം	നിർവ്വഹിച്ച പദ്ധതികളുടെ എണ്ണം	അടങ്കൽ	ചെലവ്	ശതമാനം
1	കൃഷി ഓഫീസർ	9	9	2763755	2763755	100
2	വെറ്ററിനറി സർജൻ	5	5	2606160	1588560	60.9
3	മെഡിക്കൽ ഓഫീസർ -	5	5	3531552	3343152	94.6

	പി.എച്ച്.സി.					
4	വി.ഇ.ഒ. 1	22	22	40452811	15021733	37
5	മെഡിക്കൽ ഓഫീസർ - ആയുർവേദം	2	2	1100000	1100000	100
6	ഐ.സി.ഡി.എസ്. സൂപ്പർ വൈസർ	9	9	5533345	4787051	86.5
7	സെക്രട്ടറി	21	19	8237676	5365309	65
8	അസി . സെക്രട്ടറി	7	7	2409805	2408713	99.9
9	അസിസ്റ്റന്റ് എഞ്ചിനീയർ	68	53	26837303	18080399	67
10	ഡയറി ഫാം ഇൻസ്ട്രക്ടർ	2	2	2400000	1650000	69
11	ഹെഡ്മാസ്റ്റർ	3	3	380000	316855	83
12	സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ്	1	1	827000	172830	20.8
	ആകെ	154	137	97079407	56598357	58.3

വി.ഇ.ഒ , സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് എന്നിവരുടെ ചെലവ് കുറവായത് വാർഷിക പദ്ധതി ചെലവ് കുറയാൻ കാരണമായി. ബ്ളോക്ക് വിഹിതം, ജില്ലാപഞ്ചായത്ത് വിഹിതം, സംസ്ഥാനാവിഷ്കൃത വിഹിതം എന്നിവയുടെ ഉയർന്ന വകയിരുത്തലും ചെലവ് ശതമാനം കുറയുന്നതിന് കാരണമായി.

പദ്ധതി നിർവ്വഹണം ആരംഭിക്കുന്നതു മുതൽ പൂർത്തിയാകുന്നതു വരെ മോണിറ്റർ ചെയ്യുന്നത് പദ്ധതി നടത്തിപ്പിലെ അപാകതകളും പോരായ്മകളും പരിഹരിക്കുന്നതിനും പദ്ധതി ലക്ഷ്യത്തിലെത്തിക്കുന്നതിനും സഹായിക്കുന്നു. വർക്കിംഗ് ഗ്രൂപ്പുകൾ പദ്ധതി മോണിട്ടറിംഗ് കൃത്യമായി നടത്തേണ്ടതും മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി പദ്ധതി ഫയലുകളിൽ ഉൾപ്പെടുത്തേണ്ടതുമാണ്.

സമയബന്ധിതമായി ഗ്രാന്റ് ചെലവഴിച്ചില്ല. 3761790/- രൂപ നഷ്ടമായി.

തൻവർഷം ലഭിച്ച സർക്കാർ ഗ്രാന്റുകൾ സമയബന്ധിതമായി ചെലവഴിക്കാത്തതിനാൽ 3761790/-രൂപ ലാപ്സായിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ഫണ്ടിനം	വരവ്(സ്രോതസിൽ കുറവ് ചെയ്ത തുക ഉൾപ്പെടെ)	ചെലവ്	ലാപ്സായതുക
വികസന ഫണ്ട് (ജനറൽ)	16696000	16669800	26200
വികസന ഫണ്ട് (എസ്.സി.പി)	7680000	7297917	382083
വികസനഫണ്ട്(ടി.എസ്.പി)	6128	0	6128
മെയിന്റനൻസ് ഗ്രാന്റ്, റോഡ്	14220783	11278396	2942387
മെയിന്റനൻസ് ഗ്രാന്റ്, നോൺ-റോഡ്	5576194	5171202	404992
ആകെ	44179105	40417315	3761790

സമയബന്ധിതമായി പദ്ധതി നിർവ്വഹണം നടത്താതിരുന്നതിനാലാണ് ഗ്രാമപഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് ചെലവഴിക്കേണ്ട വലിയ തുക നഷ്ടമാകുന്ന അവസ്ഥയുണ്ടായത്. പദ്ധതി പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിച്ച് മുഴുവൻ തുകയും ചെലവഴിക്കുന്നതിന് ക്രിയാത്മക

നടപടികൾ സ്വീകരിക്കേണ്ടതാണ്.

വികസനഫണ്ട് ജനറൽ, എസ്.സി.പി, സംരക്ഷണഗ്രാന്റുകൾ എന്നിവയുടെ ചെലവ് ശതമാനം ഉയർന്നിരുന്നത് പദ്ധതി നിർവ്വഹണത്തിന്റെ നേട്ടങ്ങളാണ്.

കൈവരിച്ച മാതൃകാപരമായ നേട്ടങ്ങൾ

1) വെള്ളൂർ ഗ്രാമപഞ്ചായത്തിലെ ഒന്നാം വാർഡിൽ താമസ്സിക്കുന്ന ശ്രീമതി ആർ .ബി രാജലക്ഷ്മി, ശ്രീ ആർ.ബി ബിനു എന്നീ വ്യക്തികൾ തങ്ങളുടെ പേരിലുള്ള 66 സെന്റ് സ്ഥലം ലൈഫ് ഭവന നിർമ്മാണ പ്രവൃത്തിക്ക് 13 ഗുണഭോക്താക്കൾക്ക് ഭവനനിർമ്മാണത്തിനായി ഗ്രാമപഞ്ചായത്തിന് ഇഷ്ടദാനം നൽകുകയുണ്ടായി. സ്ഥലം ഗ്രാമപഞ്ചായത്തിന്റെ ആസ്തിയിലാക്കിയ ശേഷം 2022-23 വർഷം 13 ഗുണഭോക്താക്കൾക്ക് ടി സ്ഥലത്ത് ഭവനനിർമ്മാണം പൂർത്തിയാക്കി കൈമാറുകയും ചെയ്തു.

2) വെള്ളൂർ ബസ് സ്റ്റാന്റ് നിർമ്മാണം വർഷങ്ങൾക്ക് മുമ്പ് പൂർത്തിയായതാണ് . എന്നാൽ സ്റ്റന്റിലേക്കുള്ള വഴി ബസ്സുകൾക്ക് കടന്നുപോകാനാവാത്തവിധം ഇടുങ്ങിയതായിരുന്നു. വെള്ളൂർ കുഞ്ഞിരാമൻ മെമ്മോറിയൽ സ്കൂൾ മാനേജർ അഡ്വ .അനിൽകുമാർ 8 മീറ്റർ വീതിയിൽ റോഡിന്റെ വിസ്തൃതി വർദ്ധിപ്പിക്കാൻ 80 മീറ്ററോളം നീളത്തിൽ സ്ഥലം സൗജന്യമായി വിട്ടുനൽകി(30.9.21 ലെ അജണ്ട 2 തീരുമാനം പ്രകാരം). അങ്ങനെ വർഷങ്ങൾ പഴക്കമുള്ള പ്രശ്നം തീർപ്പാക്കാനായി . ബസ്സുകൾ സ്റ്റാന്റിലെത്തിക്കാൻ ഭരണസമിതി ഇടപെടേണ്ടതാണ്.

1-6 മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

ഗ്രാമപഞ്ചായത്തിൽ മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം 2021-22 വർഷം 3423 പേർക്ക് പുതുതായി തൊഴിൽ കാർഡ് നൽകിയിട്ടുണ്ട്. തൻവർഷം ലേബർ ബജറ്റ് പ്രകാരം 367 പ്രവൃത്തികളാണ് വിഭാവനം ചെയ്തത്. 240 പ്രവൃത്തികൾക്ക് സാങ്കേതികാനുമതി ലഭിച്ചതിൽ 190 പ്രവൃത്തികൾ പൂർത്തീകരിക്കാനായിട്ടുണ്ട്. 78178 തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. 1312 കുടുംബങ്ങൾ പദ്ധതിയുമായി സഹകരിച്ചു. കയർ ഭൂവസ്ത്രം,കാലിത്തൊഴുത്ത് നിർമ്മാണം,കംപോസ്റ്റ് കുഴി നിർമ്മാണം തുടങ്ങിയ പ്രോജക്ടുകളാണ് ഏറ്റെടുത്ത് നടപ്പിലാക്കിയത്. വാർഷിക കണക്ക് പ്രകാരമുള്ള തുകകൾ കാഷ് ബുക്ക് പ്രകാരമുള്ള തുകകളുമായി പൊരുത്തപ്പെടുന്നില്ല. ക്യാഷ് ബുക്ക് പ്രകാരമുള്ള 2021-22 വരവ്-ചെലവു കണക്കുകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്
ക്യാഷ്	2216	868534	870750	867551	3199
ഇ.എഫ്.എം.എസ്	0	27621114	27621114	27621114	0
	2216	28489648	28491864	28488665	3199

1-7 സാമൂഹ്യസുരക്ഷ പദ്ധതികൾ

ഓഡിറ്റ് വർഷം, വിവിധ ക്ഷേമപദ്ധതികൾക്കായി ഗ്രാമപഞ്ചായത്ത് ചെലവഴിച്ച തുകകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്ഷേമപദ്ധതി	ചെലവഴിച്ച തുക	ഗുണഭോക്താക്കളുടെ എണ്ണം
വാർദ്ധക്യകാല പെൻഷൻ	32036200	1744
കർഷക തൊഴിലാളി പെൻഷൻ	5241100	396
വിധവ പെൻഷൻ	10842200	650
50 വയസിലധികം പ്രായമുള്ള	649200	38

അവിവാഹിത പെൻഷൻ		
വികലാംഗ പെൻഷൻ	3482000	217
വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം	120000	4

1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 6(4)-ാം വകുപ്പ് പ്രകാരം സംസ്ഥാന ഓഡിറ്റ് വകുപ്പ് വെള്ളൂർ ഗ്രാമപഞ്ചായത്തിന്റെ ക്യാഷ് ബാലൻസ് പരിശോധന 28.01.2023-ന് 03:30 PM സമയത്ത് അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പ്രസ്തുത പരിശോധനയിൽ 2982/-രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനത്തിന്റെ പൊതുവായ വിലയിരുത്തൽ ചുവടെ ചേർക്കുന്നു.

1) പൊതുനിയന്ത്രണം

ആഭ്യന്തര നിയന്ത്രണം ഉത്തരവാദിത്വമായി ഉൾക്കൊണ്ടുകൊണ്ട് റിസ്ക് നിർണ്ണയിക്കുന്നതിനും അവ പരിഹരിക്കുന്നതിനുമുള്ള നടപടികൾ ഭരണസമിതി സ്വീകരിച്ചിട്ടുണ്ട്. ഒരു ഇടപാടിന്റെ എല്ലാ തലങ്ങളും ഒരേ ജീവനക്കാരൻ തന്നെ ചുമതലകൾ നിർവഹിക്കുന്ന അവസ്ഥ ശാസ്ത്രീയമായ ജോലി വിഭജനത്തിലൂടെ ഒഴിവാക്കപ്പെട്ടിട്ടുണ്ട്.

2) അക്കൗണ്ടിംഗ് സംവിധാനം (Sankhya Software മുഖേന)

അക്കൗണ്ടിംഗ് ചട്ടത്തിൽ നിഷ്കർഷിച്ചിട്ടുള്ള പ്രകാരം സാംഖ്യ സോഫ്റ്റ്‌വെയറിലധിഷ്ഠിതമായ ഡബിൾ എൻട്രി അക്കൗണ്ടിംഗ് സംവിധാനം പിൻതുടരുന്നു, എങ്കിലും ആസ്തികളുടെ മൂല്യനിർണ്ണയ പ്രക്രിയ പൂർത്തിയായിട്ടില്ല. അക്കൗണ്ടിംഗിലെ അപാകതകൾ ഖണ്ഡിക 1-2 ൽ പരാമർശിച്ചിട്ടുണ്ട്.
01.04.2022 മുതൽ ഗ്രാമപഞ്ചായത്തിൽ ILGMS സോഫ്റ്റ്‌വെയർ നടപ്പാക്കി. നിലവിൽ ടി സോഫ്റ്റ്‌വെയർ സംവിധാനത്തിലൂടെയാണ് ഫയലുകൾ കൈകാര്യം ചെയ്യുന്നത്.

3) ക്യാഷ്, ബാങ്ക് നിയന്ത്രണം

പ്രതിമാസ, വർഷാന്ത്യ റിക്കൺസീലിയേഷനുകൾ നടത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.

4) നികുതി നികുതിയേതര വരവുകളുടെ നിയന്ത്രണ സംവിധാനം .

നികുതി നികുതിയേതര വരുമാനങ്ങൾ കൃത്യമായി നിർണ്ണയിക്കുന്നതിലും പിരിച്ചെടുക്കുന്നതിലും ഭരണസമിതിയുടെയും ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെയും ഫലപ്രദമായ ഇടപെടലുകൾ സംബന്ധിച്ച് മിനിട്ട്സ് ബുക്കുകളിൽ രേഖപ്പെടുത്തലുകൾ ഉണ്ടായിട്ടുണ്ട്. എങ്കിലും വാർഷിക കണക്കുകളിൽ ടി ഇനത്തിൽ കുടിശ്ശിക നിലവിലുണ്ട്.

5) പേ റോൾ നിയന്ത്രണം

ജീവനക്കാരെ സംബന്ധിക്കുന്ന എല്ലാ രേഖകളും കൃത്യമായി സൂക്ഷിച്ചു വരുന്നു, സ്ഥാപന സോഫ്റ്റ്‌വെയർ വഴി രേഖപ്പെടുത്തിയുള്ള പേ റോൾ നിയന്ത്രണം നിലവിലുണ്ട്.

6) ആസ്തി നിയന്ത്രണം ഫലപ്രദമല്ല

ആസ്തിയുടെ വിൽപ്പനയും വാങ്ങലുകളും ആസ്തികളുടെ മൂല്യ വർദ്ധനവ്/ശോഷണം തുടങ്ങിയ വിവരങ്ങൾ യഥാസമയം രേഖപ്പെടുത്തി ആസ്തി രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

7) ഓഡിറ്റ് റിപ്പോർട്ടിൻമേലുള്ള പഞ്ചായത്ത് തീരുമാനം

1997--ലെ കേരള പഞ്ചായത്ത് രാജ് (പരിശോധന രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 15(2)- പ്രകാരം ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിൻമേൽ പഞ്ചായത്ത് എടുത്ത തീരുമാനങ്ങളുടെയും പകർപ്പ് പഞ്ചായത്ത് നോട്ടീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തേണ്ടതാണ്. ഓഡിറ്റ് റിപ്പോർട്ട് ഗ്രാമസഭകളിൽ ചർച്ചയ്ക്ക് വച്ച് സോഷ്യൽ ഓഡിറ്റിന് വിധേയമാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

ഓഡിറ്റ്	അവസാനഓഡിറ്റ് നടത്തിയതീയതി	ഓഡിറ്റ് കാലയളവ്	റിപ്പോർട്ട് ലഭിച്ച തീയതി
പെർഫോമൻസ് ഓഡിറ്റ്	30.09.2022	03/2022 വരെ	റിപ്പോർട്ട് ലഭിച്ചില്ല
അക്കൗണ്ടന്റ്ജനറലിന്റെ ഓഡിറ്റ്	23/03/2017-4/04/2017	2011-12 മുതൽ 2015-16 വരെ	എൽ.ബി.എ എച്ച്.ക്യു/11/18എ,2601/17-18/53, തീയതി 12/5/2017

1-11 കാലാവധി കഴിഞ്ഞ ചെക്കുകൾ സ്റ്റേൽ ചെക്ക് ശീർഷകത്തിലേയ്ക്ക് മാറ്റുന്നില്ല.

ഗ്രാമപഞ്ചായത്തിന്റെ എസ് ബി ഐ, വെള്ളൂർ ശാഖയിലെ തനത് ഫണ്ട് അക്കൗണ്ടിന്റെ (10596447976) 12/2022 ലെ ബാങ്ക് റീകൺസിലിയേഷൻ പത്രിക പ്രകാരം ഇഷ്യു ചെയ്തിട്ടുള്ള ചെക്കുകൾ ഇഷ്യു ചെയ്ത് 3 മാസം കഴിഞ്ഞിട്ടും സ്റ്റേൽ ചെക്ക് ശീർഷകത്തിലേയ്ക്ക് മാറ്റി അക്കൗണ്ട് ചെയ്തതായി കാണുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമനമ്പർ	ചെക്ക് നമ്പർ തീയതി	തുക
1	828320/30.01.2021	1000/-
2	299728/16.01.2021	1000/-
3	828308/27.01.2021	500/-
4	517122/09.06.2020	1400/-
5	299723/15.01.2021	1000/-
6	075125/30.04.2022	1000/-
7	299665/30.04.2022	700/-
8	ചെക്ക് നമ്പർ രേഖപ്പെടുത്തിയിട്ടില്ല.(വൗച്ചർ നം.32100145/21.11.2020)	6820/-
9	171597/30.04.2022	1000/-
10	876891/21.01.2022	1100/-
11	876853/30.04.2022	1350/-
12	299703/30.04.2022	500/-
	ആകെ	17370/-

വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (17/01.02.2023) ലഭ്യമാക്കിയ മറുപടിയിൽ ഇഷ്യു ചെയ്ത് 3 മാസം കഴിഞ്ഞിട്ടും കളക്ഷനാകാത്ത ചെക്കുകൾ സ്റ്റേൽ ചെക്ക് ശീർഷകത്തിലേയ്ക്ക് മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചു. നടപടികൾ പൂർത്തിയാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-12 ചെക്കുകൾ അക്കൗണ്ടിൽ വരവ് വെക്കുന്നതിൽ കാലതാമസം നേരിടുന്നു

പഞ്ചായത്തിന്റെ ചെക്ക് & ഡ്രാഫ്റ്റ് രജിസ്റ്റർ പരിശോധിച്ചതിൽ മാനേജർ, ഫെഡറൽ ബാങ്ക് വെള്ളൂർ ശാഖ തൊഴിൽ നികുതിയിനത്തിൽ ലഭ്യമാക്കിയ 6550/- രൂപയുടെ ചെക്ക് (ചെക്ക് നം.513572/29.07.21) 06/08/21 ലെ 12150400005 രസീത് പ്രകാരം സ്വീകരിച്ച് കളക്ഷനായി എസ് ബി ഐ, വെള്ളൂർ ശാഖയിലുള്ള തനത് ഫണ്ട് അക്കൗണ്ടിൽ 10/08/2021 ൽ നൽകിയതായി കാണുന്നു.മേൽ അക്കൗണ്ടിന്റെ 12/2022 ലെ ബാങ്ക് റീകൺസിലിയേഷൻ പത്രിക പ്രകാരം മേൽ ചെക്ക് നാളിതുവരെ കളക്ഷനായതായി കാണുന്നില്ല. കൂടാതെ മേൽ ബാങ്ക് റീകൺസിലിയേഷൻ പ്രകാരം ചെക്ക് ഡെപോസിറ്റഡ് ബട്ട് നോട്ട് ക്ലിയേർഡ് വിഭാഗത്തിൽ കുറവ് ചെയ്തിട്ടുള്ള 419992/- രൂപയുടെ വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (16/01.02.2023) ലഭ്യമാക്കിയ മറുപടിയിൽ ചെക്ക് ഡെപോസിറ്റഡ് ബട്ട് നോട്ട് ക്ലിയേർഡ് വിഭാഗത്തിൽ കുറവ് ചെയ്തിട്ടുള്ള 419992/- രൂപ ഇ പെയ്മെന്റ് അക്കൗണ്ടിൽ ക്രെഡിറ്റ് ചെയ്യേണ്ട തുക തനത് ഫണ്ട് അക്കൗണ്ടിൽ തെറ്റായി ക്രെഡിറ്റ് ചെയ്തതാണെന്ന് അറിയിച്ചു. പഞ്ചായത്തിൽ ലഭിച്ച ചെക്ക് കളക്ഷനാകാത്തത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കിയില്ല. അപാകതകൾ പരിഹരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.ചെക്കുകൾ സമയബന്ധിതമായി പണമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-13 ബാങ്ക് ചാർജ്ജസ് ഈടാക്കുന്നു.

ഗ്രാമപഞ്ചായത്തിന്റ 2021-22 വാർഷിക ധനകാര്യപത്രിക പ്രകാരം ബാങ്ക് ചാർജ്ജസ് ശീർഷകത്തിൽ (240700101) 20466/- രൂപ ചെലവുള്ളതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമനമ്പർ	ബാങ്ക്	ഈടാക്കിയ ബാങ്ക് ചാർജ്ജ്
1	എസ് ബി ഐ ,ജി എസ് ടി അക്കൗണ്ട്. മേവെള്ളൂർ	4059
2	എസ് ബി ഐ,തനത് ഫണ്ട്.വെള്ളൂർ	15758
3	എസ് ബി ഐ,ഇ പേയ്മെന്റ്,വെള്ളൂർ	649

പഞ്ചായത്ത് ഫണ്ടിൽ നിന്നും ബാങ്ക് ചാർജ്ജസ് ശീർഷകത്തിൽ തുക കുറവ് ചെയ്യുന്ന സാഹചര്യം വിശദീകരിക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (14/01.02.23) ലഭ്യമാക്കിയ മറുപടിയിൽ ഈടാക്കുന്ന ബാങ്ക് ചാർജ്ജ് അതത് മാസം പലിശയിനത്തിൽ തിരികെ പഞ്ചായത്തിന് ലഭ്യമാകുന്നുണ്ടെന്ന് അറിയിച്ചു. മറുപടി അംഗീകരിക്കാവുന്നതല്ല.ബാങ്ക് ചാർജ്ജ് തിരികെ ഈടാക്കിയിട്ടുണ്ടെങ്കിൽ ആ വിവരം രേഖാമൂലം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. ബാങ്ക് അധികൃതരുമായി ബന്ധപ്പെട്ട് ബാങ്ക് ചാർജ്ജ് ഒഴിവാക്കുന്നതിനുള്ള സാദ്ധ്യതകൾ പരിശോധിക്കേണ്ടതാണ്. ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി മേൽ വിഷയത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-14 വസ്തുനികുതി നിർണ്ണയം - ഉപയോഗക്രമത്തിന്റെ കൃത്യത ഉറപ്പുവരുത്തിയിട്ടില്ല.

സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം ഗ്രാമപഞ്ചായത്തിലെ താഴെപ്പറയുന്ന കെട്ടിടങ്ങളുടെ വസ്തുനികുതി നിർണ്ണിയിച്ചിരിക്കുന്നത് "വാണിജ്യാവശ്യത്തിനുള്ളവ ബങ്കുകൾ, പെട്ടികടകൾ, കമ്പ്യൂട്ടർ സെന്റർ, ഫ്യൂവൽ സ്റ്റേഷൻ" എന്ന ഉപയോഗക്രമത്തിലാണ്.

ക്രമനമ്പർ	വാർഡ്	വിസ്തീർണ്ണം	ഉടമസ്ഥത

	കെട്ടിടനമ്പർ	(ച മീ)	
1	5 /195/A	61	സെക്രട്ടറി,വെള്ളൂർ സഹകരണ ബാങ്ക്
2	6/ 712	30	സെക്രട്ടറി,വെള്ളൂർ സഹകരണ ബാങ്ക്
3	6/713	30	സെക്രട്ടറി,വെള്ളൂർ സഹകരണ ബാങ്ക്
4	6/ 714	60	സെക്രട്ടറി,വെള്ളൂർ സഹകരണ ബാങ്ക്

സെക്രട്ടറി,വെള്ളൂർ സഹകരണ ബാങ്കിന്റെ ഉടമസ്ഥതയിലുള്ള മേൽ കെട്ടിടങ്ങളിൽ പെട്ടികടകൾ, ബങ്കുകൾ തുടങ്ങിയവ പ്രവർത്തിക്കുന്നതായാണ് സഞ്ചയ സോഫ്റ്റ്‌വെയറിൽ രേഖപ്പെടുത്തിയിരിക്കുന്നത്. കെട്ടിടങ്ങളുടെ ഉപയോഗക്രമത്തിന്റെ കൃത്യത ഉറപ്പുവരുത്തി വിവരം ഓഡിറ്റിൽ അറിയിക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (15/01.02.23) ലഭ്യമാക്കിയ മറുപടിയിൽ കെട്ടിടങ്ങളുടെ ഉപയോഗക്രമത്തിന്റെ കൃത്യത ഉറപ്പുവരുത്തി സഞ്ചയ സോഫ്റ്റ്‌വെയറിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി വസ്തുനികുതി പുനക്രമീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കുന്നതാണെന്ന് അറിയിച്ചു. വസ്തുനികുതി പുനക്രമീകരിച്ച് വിവരം രേഖാമൂലം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-15 വസ്തുനികുതി - കുടിശ്ശിക

ഗ്രാമപഞ്ചായത്തിന്റെ 2021-22 വാർഷിക ധനകാര്യപത്രിക പ്രകാരം വസ്തുനികുതിയിനത്തിൽ താഴെപ്പറയും പ്രകാരം കുടിശ്ശികയുള്ളതായി കാണുന്നു.

തൻവർഷ കുടിശ്ശിക	2227776
മുൻവർഷ കുടിശ്ശിക	4214310
ആകെ	6442086

പഞ്ചായത്ത് കമ്മറ്റിയുടെ 13.10.2021 ലെ തീരുമാനം 1 പ്രകാരം പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എച്ച് എൻ എൽ എന്ന സ്ഥാപനം 2018-19 മുതൽ 63 ലക്ഷത്തോളം രൂപ കുടിശ്ശിക വരുത്തിയിട്ടുള്ളതായും മേൽ തുക പഞ്ചായത്തിൽ ഒടുക്കുന്നതിന് സംസ്ഥാന സർക്കാരിനോട് അഭ്യർത്ഥിക്കുന്നതിന് തീരുമാനമെടുത്തതായും കാണുന്നു. മേൽ സ്ഥാപനത്തിന്റെ ഉൾപ്പെടെ വസ്തുനികുതി കുടിശ്ശിക ഈടാക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിവരങ്ങൾ ഓഡിറ്റിൽ അറിയിക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (21/03.02.2023) എക്സിറ്റ് കോൺഫറൻസിൽ റവന്യൂ റിക്കവറി ഉൾപ്പെടെയുള്ള തുടർനടപടികൾ സ്വീകരിച്ച് വരുന്നതായി അറിയിച്ചു. കുടിശ്ശിക കൃത്യമായി നിർണ്ണയിച്ച് ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-16 സ്ഥാപനതൊഴിൽ നികുതി -കുടിശ്ശിക

2021-22 വാർഷിക ധനകാര്യപത്രിക പ്രകാരം സ്ഥാപനതൊഴിൽ നികുതിയിനത്തിൽ 15960/- രൂപ കുടിശ്ശികയുള്ളതായി കാണുന്നു. കുടിശ്ശിക ഈടാക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (38/04.02.2022) ലഭ്യമാക്കിയ മറുപടിയിൽ എച്ച് എൻ എൽ,സെൻട്രൽ ബാങ്ക് വെള്ളൂർ, വൈറ്റില സ്റ്റീൽസ് തുടങ്ങിയ സ്ഥാപനങ്ങളിൽ നിന്നാണ് മേൽ തുക ലഭിക്കാനുള്ളതെന്നും സ്ഥാപനങ്ങൾ നിലവിൽ പ്രവർത്തിക്കുന്നില്ലാത്തതിനാൽ കുടിശ്ശിക ഈടാക്കാൻ സാധിക്കുന്നില്ലെന്നും അറിയിച്ചു. കുടിശ്ശിക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-17 ലൈസൻസ് എടുക്കാതെ സ്ഥാപനങ്ങൾ പ്രവൃത്തിക്കുന്നു.

സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം വാണിജ്യാവശ്യത്തിനുള്ള വിവിധ ഉപയോഗക്രമങ്ങളിൽ വസ്തുനികുതി നിർണ്ണയിച്ച കെട്ടിടങ്ങളുടെ എണ്ണം 1147 ആണ്. എന്നാൽ 2021-22 വർഷം ലൈസൻസ് എടുത്ത സ്ഥാപനങ്ങൾ 217 മാത്രമാണ്. ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന വിവിധ ക്ഷീരോൽപാദന സഹകരണ സംഘങ്ങൾ, റേഷൻ കടകൾ, കള്ളുഷാപ്പുകൾ തുടങ്ങിയ സ്ഥാപനങ്ങൾ ലൈസൻസ് എടുക്കുന്നതായി കാണുന്നില്ല. വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (22/03.02.2023) എക്സിറ്റ് കോൺഫറൻസിൽ ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്ന റേഷൻ കടകൾ ഉൾപ്പെടെയുള്ള സ്ഥാപനങ്ങൾ ലൈസൻസ് എടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചു. ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളും ചട്ടപ്രകാരമുള്ള ലൈസൻസോടുകൂടിയാണ് പ്രവൃത്തിക്കുന്നതെന്ന് ഉറപ്പുവരുത്തേണ്ടതാണ്. ഭരണസമിതിയുടെ സവിശേഷ ശ്രദ്ധ ഈ വിഷയത്തിൽ ക്ഷണിക്കുന്നു.

1-18 കൊയ്ത്ത് മെതിയെന്ത്രം ലേലം നടപടികൾ പൂർത്തിയായില്ല.

പഞ്ചായത്ത് ജനറൽ കമ്മറ്റിയുടെ 03.09.2021 ലെ തീരുമാനം നമ്പർ 1 പ്രകാരം ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കൊയ്ത്ത് മെതിയെന്ത്രം പുനരുപയോഗിക്കാൻ കഴിയാത്ത വിധം പ്രവർത്തനരഹിതമായതായും മേൽ യന്ത്രം ലേലം ചെയ്യുന്നതിനായി അസി.എക്സിക്യൂട്ടിവ് എഞ്ചിനീയർ (കൃഷി) യുടെ വാല്യൂവേഷൻ ലഭ്യമാക്കുന്നതിനുള്ള നടപടിക്രമങ്ങൾ സ്വീകരിക്കുന്നതിന് തീരുമാനമെടുത്തതായി കാണുന്നു. തുടർനടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (20/01.02.23) മറുപടി ലഭ്യമാക്കിയില്ല.ലേലം നടപടികൾ പൂർത്തീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-19 ടെണ്ടർ ഫീസ് -കറണ്ട് അക്കൗണ്ടിൽ 3,57,313.42/- രൂപ ബാലൻസ്.

ചീഫ് എഞ്ചിനീയറുടെ 17.08.2017 ലെ DB1/7942/2010/CE/LSGD നം സർക്കുലർ പ്രകാരം ഇ-ടെൻഡറുമായി ബന്ധപ്പെട്ട ഫീസുകൾ ഒടുക്കുന്നതിനായി എല്ലാ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളും SBI യിൽ ഒരു കറണ്ട് അക്കൗണ്ട് ആരംഭിക്കുന്നതിന് അനുമതി നൽകിയിരുന്നു. ഗ്രാമപഞ്ചായത്ത് ഈ രീതിയിൽ ആരംഭിച്ച അക്കൗണ്ടിൽ (നമ്പർ 38535702830) 31.3.22 ൽ 3,57,313.42/- രൂപ ബാലൻസുണ്ട്. ആയത് പരിശോധിച്ച് ടാക്സ് ഇനത്തിൽ അടവാക്കേണ്ടത് അടച്ചശേഷം ബാലൻസ് തുക തനത് ഫണ്ടിലേക്ക് മുതൽകൂട്ടേണ്ടതാണ്.

1-20 അഗതിരഹിത കേരളം - 200000/- രൂപ നഷ്ടപ്പെട്ടു.

പ്രോജക്ട് നം.	6/22,
നിർവ്വഹണോദ്യോഗസ്ഥൻ	സെക്രട്ടറി
ചെലവ് , ഫണ്ടിനം	200000/- വികസനഫണ്ട് (ജനറൽ)
ബിൽ നമ്പർ, തീയതി	9/28.6.21

അഗതിരഹിത കേരളം എന്ന പ്രോജക്ടിന്റെ നിർവ്വഹണത്തിനായി സി.ഡി.എസ്സിന്റെ ഡി.എഫ്.കെ അക്കൗണ്ടിലേക്ക് (നമ്പർ 3756438272 സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യ , പെരുവ) 200000/- രൂപ അനുവദിച്ച് തരണമെന്ന് സി.ഡി.എസ്സ് ചെയർപേഴ്സൺ ആവശ്യപ്പെട്ടിരുന്നു. മേൽ സൂചിത ബില്ല് പ്രകാരം സെക്രട്ടറി വികസനഫണ്ടിൽ നിന്നും 200000/-രൂപ പിൻവലിച്ച് സി.ഡി.എസ്സിന്റെ ഡി.എഫ്.കെ അക്കൗണ്ടിലേക്ക് നൽകുകയും ചെയ്തു. എന്നാൽ പ്രസ്തുത അക്കൗണ്ടിന്റെ പാസ്സ് ബുക്ക് പരിശോധിച്ചപ്പോൾ ടി തുക നാളിതുവരെ അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്തതായി കണ്ടില്ല. സാംഖ്യാ വെബ്പിൽ ടി തുക ഐ.എഫ്.എസ്.സി കോഡിലെ തെറ്റ് മൂലം സർക്കാർ അക്കൗണ്ടിലേക്ക് തിരികെ പോയതായാണ് കാണിച്ചിരിക്കുന്നത്. തുക ഡിമാന്റ് ചെയ്ത സി.ഡി.എസ്സ്, തുക യഥാസമയം അക്കൗണ്ടിൽ വരാത്തത് ചൂണ്ടിക്കാണിക്കാതിരുന്നതും നൽകിയ തുകയുടെ കൈപ്പറ്റ് വിനിയോഗ

വിവരങ്ങൾ നിർവ്വഹണോദ്യോഗസ്ഥ യഥാസമയം വാങ്ങാതിരുന്നത് മൂലവുമാണ് ടി അപാകതയുണ്ടായത്. സമൂഹത്തിലെ ഏറ്റവും കഷ്ടതയനുഭവിക്കുന്ന ഒരു വിഭാഗത്തിന് ലഭ്യമാകേണ്ട ആനുകൂല്യം ഈ വിധം നഷ്ടമായതിന് വിശദീകരണം നൽകേണ്ടതാണ്.

സി.ഡി.എസ്സിന്റെ ഡി.എഫ്.കെ അക്കൗണ്ടിൽ 31.3.22 വരെ 10,24,027.20 രൂപ ബാലൻസുണ്ട്. തുക വിനിയോഗിക്കാതിരിക്കുന്നതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 11/1.2.23) മറുപടി ലഭ്യമായില്ല. അതിനാൽ 200000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-21 തുമ്പുങ്കൽ വിളക്ക് പാടം തോടിന് കുറുകെ കലുങ്ക് - അപാകതകൾ.

പ്രോജക്ട് നമ്പർ, പേര്	151/22, തുമ്പുങ്കൽ വിളക്ക് പാടം തോടിന് കുറുകെ കലുങ്ക്
ചെലവ്, ഫണ്ടിനം	776625/- ധനകാര്യകമ്മീഷൻ ഗ്രാന്റ്
ബിൽ നമ്പർ, തീയതി	374/25.3.22
നിർവ്വഹണോദ്യോഗസ്ഥ	അസി.എഞ്ചിനീയർ
കരാറുകാരൻ, കരാർ തീയതി	സന്ദീപ് ബൈജു, ചൈത്രം 69/AE/VLR/19-20 Dt 31.3.20
എം.ബുക്ക് നമ്പർ	42/21-22

വാർഡ് 13 ലുള്ള തുമ്പുങ്കൽ വിളക്ക് പാടം തോടിന് കുറുകെ കലുങ്ക് നിർമ്മിക്കുകയായിരുന്നു പ്രോജക്ടിന്റെ ലക്ഷ്യം. 2.3.23 ന് ടി സ്ഥലത്ത് പ്രാദേശിക പരിശോധന നടത്തുകയുണ്ടായി. പ്രോജക്ടിന്റെ നിർവ്വഹണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1) രണ്ട് റോഡുകളെ തമ്മിൽ ബന്ധിപ്പിച്ചാണ് ടി കലുങ്ക് നിർമ്മിച്ചിരിക്കുന്നത്. ആയതിൽ ടി കലുങ്ക് കണക്റ്റ് ചെയ്തിരിക്കുന്നത് മൂന്നടി മാത്രം വീതിയുള്ള നടപ്പാതയുള്ള പ്രൈവറ്റ് പ്രോപ്പർട്ടികളിലേക്കാണ്. പ്രസ്തുത പ്രൈവറ്റ് പ്രോപ്പർട്ടികളുടെ ഉടമകളിൽ നിന്ന് സമ്മതപത്രം വാങ്ങി ലാന്റ് റീലിങ്ക്വിഷ് ചെയ്ത് ഗ്രാമപഞ്ചായത്തിന്റെ ആസ്തിയാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ സഹിതം മറുപടി ലഭ്യമാക്കാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകുകയുണ്ടായി.

2) 31.3.20 നാണ് നിർവ്വഹണത്തിനായി കരാറിലേർപ്പെട്ടത്. പൂർത്തീകരണ സർട്ടിഫിക്കറ്റ് പ്രകാരം വർക്ക് ആരംഭിച്ചത് 31.3.21 നും വർക്ക് പൂർത്തിയാക്കിയത് 7.3.22 നുമാണ്. പൂർത്തികരണ കാലയളവ് ആറ് മാസമായിരുന്നു. കരാറിലേർപ്പെട്ട് ഒരു വർഷത്തിന് ശേഷമാണ് പ്രവൃത്തി ആരംഭിച്ചത്. പ്രവൃത്തി നീട്ടി നൽകാൻ കരാറുകാരൻ അപേക്ഷിച്ചതായോ അതിൻമേൽ നിർവ്വഹണോദ്യോഗസ്ഥയോ ഭരണസമിതിയോ തീരുമാനമെടുത്തതായോ ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല. ടിയാനിൽ നിന്നും ഫൈൻ ഈടാക്കിയിട്ടുമില്ല.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 24/2.3.23) മറുപടി ലഭ്യമാക്കിയില്ല. അപാകതകൾക്ക് വിശദമായ മറുപടി ലഭ്യമാക്കുന്നതിലേക്കായി 776625/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-22 ജനകീയ ഹോട്ടൽ അടിസ്ഥാന സൗകര്യമൊരുക്കൽ - പൂർണ്ണമായില്ല.

പ്രോജക്ട് നമ്പർ, പേര്	110/22 , ജനകീയ ഹോട്ടൽ അടിസ്ഥാന സൗകര്യമൊരുക്കൽ
ചെലവ്, ഫണ്ടിനം	398787/- ധനകാര്യകമ്മീഷൻ ഗ്രാന്റ്

ബിൽ നമ്പർ, തീയതി	427/30.3.22
നിർവ്വഹണോദ്യോഗസ്ഥ	അസി.എഞ്ചിനീയർ

വിശപ്പ് രഹിതകേരളം ജനകീയഹോട്ടലിന് അടിസ്ഥാന സൗകര്യമൊരുക്കൽ എന്ന പ്രോജക്ടിൽ നിലവിൽ ജനകീയഹോട്ടൽ പ്രവർത്തിക്കുന്ന കെട്ടിടത്തിന് സമീപം പുതിയ കെട്ടിടം പണിയുകയായിരുന്നു ലക്ഷ്യം. ആർ.ആർ ഫൗണ്ടേഷൻ നിലവിലുണ്ടായിരുന്ന വസ്തുവിൽ പുതിയ കെട്ടിടം പണിതിട്ടുണ്ട്. എന്നാൽ കെട്ടിടം ഉപയോഗപ്രദമാക്കുന്നതിനുള്ള ഇലക്ട്രിഫിക്കേഷൻ വർക്കുകളോ വാട്ടർ കണക്ഷൻ നൽകുന്നതിനുള്ള വർക്കുകളോ പ്രോജക്ടിൽ ഉൾപ്പെടുത്തിയിരുന്നില്ല. 2.2.23 ൽ നടത്തിയ പ്രാദേശിക പരിശോധനയിൽ ടി പ്രവൃത്തികൾ നിർവ്വഹിച്ച് കെട്ടിടം പ്രവർത്തനസജ്ജമാക്കിയിട്ടില്ല എന്ന് ബോദ്ധ്യപ്പെട്ടു..

അപാകത പരിഹരിക്കാൻ സ്വീകരിച്ച വിവരം ഓഡിറ്റിൽ അറിയിക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 25/3.2.23) മറുപടി ലഭ്യമായില്ല. പ്രവൃത്തി പൂർത്തിയാക്കി കെട്ടിടം ഉപയോഗപ്രദമാക്കിയശേഷം വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

1-23 തെരുവു വിളക്ക് വാർഷിക അറ്റകുറ്റപ്പണി - മോണിറ്ററിംഗ് രേഖകളില്ല.

പ്രോജക്ട്	122/22,
നിർവ്വഹണോദ്യോഗസ്ഥൻ	സെക്രട്ടറി
ചെലവ് , ഫണ്ടിനം	93476/- ധനകാര്യകമ്മീഷൻ ഗ്രാന്റ്
ബിൽ നമ്പർ, തീയതി	46738, 32/25.3.22

മേൽ പ്രോജക്ട് സ്പിൽ ഓവറായി തുടരുന്ന പ്രോജക്ടാണ്. സെബിൻ ഇലക്ട്രോണിക്സ് എന്ന സ്ഥാപനത്തിന് ആദ്യ ഘട്ട സർവ്വീസിംഗിന് 20-21 ൽ 92542/- രൂപയും രണ്ടാം ഘട്ട സർവ്വീസിംഗിന് തൻവർഷം 46735/- രൂപയും നൽകി. മൂന്നാം ഘട്ട സർവ്വീസിംഗിന് തൻവർഷം തന്നെ മേൽ സൂചിത ബിൽ പ്രകാരം 296 ലൈറ്റുകൾ സർവ്വീസ് ചെയ്തതിന് 46738/- രൂപയും നൽകി. എന്നാൽ മൂന്നാം ഘട്ടത്തിൽ ലൈറ്റുകൾ സ്ഥാപിച്ചതിന്റെ വാർഡ് മെമ്പർമാരുടെ സാക്ഷ്യപത്രം ലഭ്യമായില്ല. അപാകത ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 3/30.1.23) മറുപടി ലഭ്യമായില്ല. സ്ഥാപനവുമായി ചില തർക്കങ്ങളുള്ളതിനാലാണ് അപാകതയുണ്ടായത് എന്ന് പ്രസിഡന്റ് എക്സിറ്റ് മീറ്റിംഗിൽ മറുപടി ലഭ്യമാക്കി. രേഖകൾ ലഭ്യമാക്കുന്നതിലേക്കായി 46738/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-24 തെരുവു വിളക്ക് വാർഷിക അറ്റകുറ്റപ്പണി - രേഖകളില്ല.

പ്രോജക്ട് നം.	121/22,
നിർവ്വഹണോദ്യോഗസ്ഥൻ	സെക്രട്ടറി
ചെലവ് , ഫണ്ടിനം	36054/- വികസനഫണ്ട് (ജനറൽ)
ബിൽ നമ്പർ, തീയതി	19/3.8.21

മേൽ പ്രോജക്ട് സ്പിൽ ഓവറായി തുടരുന്ന പ്രോജക്ടാണ്. സെബിൻ ഇലക്ട്രോണിക്സ് എന്ന സ്ഥാപനത്തിന് മേൽ സൂചിത ബില്ല് പ്രകാരം 36054/- രൂപ നൽകിയിട്ടുണ്ട്. ബില്ല്, ഇൻവോയ്സ്, മെമ്പർമാരുടെ സാക്ഷ്യപത്രം എന്നിവ ഓഡിറ്റിൽ ലഭ്യമായില്ല. അപാകത ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 5/30.1.23) മറുപടി ലഭ്യമായില്ല. സ്ഥാപനവുമായി ചില തർക്കങ്ങളുള്ളതിനാലാണ് അപാകതയുണ്ടായത് എന്ന് പ്രസിഡന്റ് എക്സിറ്റ് മീറ്റിംഗിൽ മറുപടി ലഭ്യമാക്കി. രേഖകൾ ലഭ്യമാക്കുന്നതിലേക്കായി 36054/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-25 ഇൻഷുറൻസ് സർട്ടിഫിക്കറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല

ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ആംബുലൻസിന്റെ ഇൻഷുറൻസ് പുതുക്കുന്നതിനായി 16857 രൂപ (07.02.2022 തീയതിയിലെ വൗച്ചർ 22100963 പ്രകാരം9600 രൂപ, 07.02.2022 തീയതിയിലെ 22100965 വൗച്ചർ പ്രകാരം 7257 രൂപ) കേരള സ്റ്റേറ്റ് ഇൻഷുറൻസ് ഡിപ്പാർട്ട്മെന്റിന്റെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. എന്നാൽ ഇൻഷുറൻസ് സർട്ടിഫിക്കറ്റ് പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം 27/03.02.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ 16857/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ഇൻഷുറൻസ് സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.

1-26 പ്രിന്ററുകൾ ലഭ്യമാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്ത് ഓഫീസിലേക്ക് 5 ഡെസ്ക് ടോപ്പ് കമ്പ്യൂട്ടറുകളും (തുക 200645) രണ്ട് ലേസർ പ്രിന്ററുകളും (തുക 20180 രൂപ) രണ്ട് മൾട്ടി ഫങ്ഷൻ പ്രിന്ററുകളും (തുക 29452 രൂപ) Cprcs പോർട്ടലിൽ നിന്ന് വാങ്ങുന്നതിനായി 2020-21 സാമ്പത്തിക വർഷം പ്രോജക്ട് നം 187/21-22 പ്രകാരം 250000 രൂപ കേരള സ്റ്റേറ്റ് ഐ.റ്റി മിഷന്റെ 799011400003959 നമ്പർ അക്കൗണ്ടിലേക്ക് കൈമാറിയിരുന്നു. എന്നാൽ ഇതിൽ ലേസർ പ്രിന്ററുകളും മൾട്ടി ഫങ്ഷൻ പ്രിന്ററുകളും ലഭ്യമായിരുന്നില്ലയെന്ന് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ 2020-21 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 1-21-1 ൽ പരാമർശിച്ചിരുന്നു. തുക പൂർണ്ണമായി ഒടുക്കിയിട്ടും പ്രിന്ററുകൾ ലഭ്യമായില്ലയെന്നത് 08.09.21 തീയതിയിലെ പഞ്ചായത്ത് കമ്മറ്റിയിൽ ചർച്ച ചെയ്യുകയും നിലവിൽ സി.പി.ആർ.സി.എസിൽ പ്രിന്ററുകളുടെ യൂണിറ്റ് കോസ്റ്റ് വർദ്ധിച്ചതിനാൽ 16587 രൂപ കൂടി അധികമായി നൽകിയാൽ മാത്രമേ ഇപ്പോൾ പ്രിന്ററുകൾ ലഭ്യമാകൂ എന്നതിനാലും ഐ.റ്റി മിഷനിൽ അടവാക്കിയ തുക റീഫണ്ട് ചെയ്ത് ലഭിച്ചാൽ സർക്കാരിന്റെ കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് അടവാക്കേണ്ടി വരുമെന്നതിനാലും അധികമായി വരുന്ന 16587 രൂപ തനത് ഫണ്ടിൽ നിന്ന് ചെലവഴിക്കുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തി (08.09.21 തീയതിയിലെ 4/3 നമ്പർ തീരുമാനം). ആയത് പ്രകാരം 04.03.22 തീയതിയിലെ 22101071 നം വൗച്ചർ പ്രകാരം 16587 രൂപ ഐ.റ്റി മിഷന് (അക്കൗണ്ട് നം 799011400003959) നൽകിയിട്ടുണ്ട്. എന്നാൽ പ്രസ്തുത ലേസർ പ്രിന്ററുകളും രണ്ട് മൾട്ടി ഫങ്ഷൻ പ്രിന്ററുകളും ലഭ്യമായ വിവരം ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല. പർച്ചേസ് ബില്ലും പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (31) പ്രിന്ററുകൾ നാളിതു വരെ ലഭ്യമായില്ലയെന്നും യൂണിറ്റ് കോസ്റ്റ് വീണ്ടും വർദ്ധിച്ച സാഹചര്യത്തിൽ 17.01.23 തീയതിയിലെ 10(11) നമ്പർ തീരുമാന പ്രകാരം 18347 രൂപക്ക് ഒരു പ്രിന്റർ വാങ്ങുന്നതിനും ബാക്കി തുക ഐ.റ്റി മിഷനിൽ നിന്ന് റീഫണ്ട് ചെയ്യുന്നതിനും തീരുമാനിച്ചതായി അറിയിച്ചിട്ടുണ്ട്. പ്രിന്ററുകൾ ലഭ്യമാകാത്തതിനാൽ 16587 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. തുടർ നടപടികളുടെ വിവരങ്ങൾ അറിയിക്കേണ്ടതാണ്.

1-27 മഴക്കാല പൂർവ്വ ശുചീകരണം- രേഖകൾ ഹാജരാക്കിയിട്ടില്ല.

മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾക്കായി 07.06.21 തീയതിയിലെ വൗച്ചർ നം 22100190 പ്രകാരം 150000/- രൂപ മെഡിക്കൽ ഓഫീസർക്ക് കൈമാറിയിട്ടുണ്ട് (ചെക്ക് നം 690601 തീയതി 03.06.21). എന്നാൽ പ്രസ്തുത തുകയുടെ ചെലവ് വിവരങ്ങൾ, തുക പൂർണ്ണമായി ചെലവഴിച്ചതായുള്ള വിനിയോഗ സാക്ഷ്യ പത്രം എന്നിവ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ആയത് അടിയന്തിരമായി ഹാജരാക്കേണ്ടതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (29/03.02.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ 150000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ചെലവ് വിവരങ്ങൾ, വിനിയോഗ സാക്ഷ്യ പത്രം എന്നിവ പരിശോധനക്ക് സമർപ്പിക്കേണ്ടതാണ്.

1-28 പട്ടിക ജാതി വിദ്യാർത്ഥികൾക്ക് മെറിറ്റോറിയസ് സ്കോളർഷിപ്പ് പദ്ധതി- അപാകതകൾ

പ്രോജക്ട്- നം 24 പട്ടിക ജാതി വിദ്യാർത്ഥികൾക്ക് മെറിറ്റോറിയസ് സ്കോളർഷിപ്പ്

ചെലവ്- 510000 (എസ്.സി.പി)

നിർവ്വഹണോദ്യോഗസ്ഥൻ- അസി. സെക്രട്ടറി

പട്ടിക ജാതി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിനുള്ള സബ്സിഡി മാർഗ്ഗരേഖ 22/2018/lsgd തീയതി 14.02.18 ഖണ്ഡിക 7.2.5 പ്രകാരം സംസ്ഥാന സർക്കാരുകളോ കേന്ദ്ര സർക്കാർ ചുമതലപ്പെടുത്തിയിട്ടുള്ള ഏജൻസികളോ നടത്തുന്നതായ എല്ലാ കോഴ്സുകളിലേക്കും യോഗ്യത നേടി പഠനം നടത്തുന്ന എല്ലാ വിദ്യാർത്ഥികൾക്കും സ്ഥാപന മേധാവിയുടെ സാക്ഷ്യ പത്രം പ്രകാരം കോഴ്സ് കാലാവധി വരെയുള്ള എല്ലാ അക്കാദമിക് വർഷത്തിലും സർക്കാർ നിശ്ചയിക്കുന്ന തുക സ്കോളർഷിപ്പായി നൽകാവുന്നതാണ്. വെള്ളൂർ പഞ്ചായത്തിൽ നടപ്പാക്കിയ പട്ടിക ജാതി വിദ്യാർത്ഥികൾക്ക് മെറിറ്റോറിയസ് സ്കോളർഷിപ്പ് പദ്ധതിയുടെ ഫയലുകൾ പരിശോധിച്ചതിൽ കണ്ടത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. ഗുണഭോക്തൃ ലിസ്റ്റിൽ ഇല്ലാത്ത വ്യക്തികൾക്ക് പദ്ധതി ആനുകൂല്യം നൽകിയിരിക്കുന്നു.

പദ്ധതി രേഖകൾ പരിശോധിച്ചതിൽ പദ്ധതി പ്രകാരം ധന സഹായം ലഭിച്ച താഴെ പറയുന്ന ഗുണഭോക്താക്കൾ ഗ്രാമ സഭ അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ലയെന്ന് കാണുന്നു.

ക്രമനമ്പർ	ഗുണഭോക്താവ്	തുക (രൂ)	ബിൽ നമ്പർ
1	അലീന എം	15000	16/23.11.21-45000 രൂപ
2	ആതിര ഇ എസ്	15000	18/21.12.21-15000 രൂപ
	ആകെ	30000	

2. ആവശ്യമായ രേഖകൾ ഹാജരാക്കാത്ത വിദ്യാർത്ഥിക്ക് ധന സഹായം നല്കിയിരിക്കുന്നു.

പദ്ധതി രേഖകൾ പരിശോധിച്ചതിൽ ബിൽ നം 5/05.10.21 തുക 140000 പ്രകാരം 15000 രൂപ സൂരജ് എസ് എന്ന വ്യക്തിക്ക് നൽകിയതായി കാണുന്നു. എന്നാൽ ടിയാൻ 2020-21 വർഷം ഏറ്റുമാനൂർ ഐ.റ്റി.ഐയിൽ അപ്പോൾസ്റ്ററി കോഴ്സിന് പഠിച്ചിരുന്നുവെന്ന കോളേജ് മേധാവിയുടെ സാക്ഷ്യപത്രമാണ് അപേക്ഷയോടൊപ്പം ഹാജരാക്കിയിരിക്കുന്നത്. ശ്രീ സൂരജ് എസ് 2021-22 കാലയളവിൽ ഏതെങ്കിലും സർക്കാർ അംഗീകൃത കോഴ്സ് പഠിക്കുകയായിരുന്നുവെന്നത് സംബന്ധിച്ച വിവരങ്ങൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല.
ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (33/25.01.23) ടി ലിസ്റ്റ് 2022-23 വർഷത്ത പദ്ധതി രൂപീകരണ ഗ്രാമ സഭയിൽ അംഗീകരിച്ചിട്ടുള്ളതാണെന്ന് മറുപടി നൽകിയിട്ടുണ്ടെങ്കിലും ആയത് സാധൂകരിക്കുന്ന രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. പ്രസ്തുത ഗുണഭോക്തൃ ലിസ്റ്റിന് അടുത്ത ഗ്രാമസഭയിൽ സാധൂകരണം വാങ്ങേണ്ടതും സൂരജ് എസിന്റെ കോഴ്സ് സർട്ടിഫിക്കറ്റ് ഹാജരാക്കുകയും ചെയ്യേണ്ടതാണ്. ആയതിലേക്കായി 45000/- രൂപയുടെ (30000+15000) ചെലവ് തടസ്സപ്പെടുത്തുന്നു. തുടർ നടപടികളുടെ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

1-29 വിവാഹ ധന സഹായം- ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്ത വ്യക്തികൾക്ക് ആനുകൂല്യം നൽകി

പ്രോജക്ട്- നം 20 വിവാഹ ധന സഹായം എസ്.സി

ചെലവ്- 975000 (എസ്.സി.പി)

നിർവ്വഹണോദ്യോഗസ്ഥൻ- അസി. സെക്രട്ടറി

പട്ടിക ജാതി വിഭാഗത്തിൽ ഉൾപ്പെട്ട പെൺകുട്ടികൾക്ക് വിവാഹ ധന സഹായം നൽകുന്നതിനുള്ള സബ്സിഡി മാർഗ്ഗരേഖ 22/2018/എൽഎസ്ജിഡി തീയതി 14.02.18 ഖണ്ഡിക 7.2.1 പ്രകാരം പെൺകുട്ടികൾകളുടെ വിവാഹത്തിന് 75000/- രൂപ നിരക്കിൽ ധന സഹായം നൽകാവുന്നതാണ്. പരാമർശിത പദ്ധതി പ്രകാരം ധന സഹായം ലഭ്യമായ ഗുണഭോക്താക്കളിൽ താഴെ പറയുന്ന വ്യക്തികൾ

ഗ്രാമ സഭ അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ലയെന്ന് കാണുന്നു.

ക്രമ നമ്പർ	ഗുണഭോക്താവ്	തുക	ബിൽ വിശദാംശങ്ങൾ
1	ജയമ്മ എസ്.കെ	75000	ബിൽ നം 1/11.08.21-300000 രൂപ
2	ഭാരതി	75000	
3	സജി കുമാർ പി.കെ	75000	ബിൽ നം 9/20.10.21-75000 രൂപ
4	കനകമ്മ കോട്ടപ്പുറത്ത്	75000	ബിൽ നം 12/30.10.21-75000 രൂപ
5	മണി പി കെ	75000	ബിൽ നം 17/21.12.21-75000 രൂപ
6	അംബിക	75000	ബിൽ നം 19/21.12.21-75000 രൂപ
	ആകെ	450000	

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (32/25.01.23) ടി ലിസ്റ്റ് 2022-23 വർഷത്ത പദ്ധതി രൂപീകരണ ഗ്രാമ സഭയിൽ അംഗീകരിച്ചിട്ടുള്ളതാണെന്ന് മറുപടി നൽകിയിട്ടുണ്ടെങ്കിലും ആയത് സാധൂകരിക്കുന്ന രേഖകൾ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. ഗുണഭോക്തൃ ലിസ്റ്റിൽ ഇല്ലായിരുന്ന പരാമർശിത വ്യക്തികൾക്ക് ധന സഹായം നൽകിയത് അടുത്ത ഗ്രാമ സഭയിൽ അവതരിപ്പിച്ച് സാധൂകരണം വാങ്ങേണ്ടതാണ്. തുടർ നടപടികളുടെ വിവരങ്ങൾ അറിയിക്കേണ്ടതാണ്. ആയതിലേക്കായി 450000/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-30 വീട്ടുവളപ്പിലെ കുളത്തിലെ മത്സ്യകൃഷി - ഗുണഭോക്താവിനെ ഗ്രാമസഭ അംഗീകരിച്ചിട്ടില്ല.

നിർവ്വഹണോദ്യോഗസ്ഥൻ	അസിസ്റ്റന്റ് ഫിഷറീസ് എക്സ്ടെൻഷൻ ഓഫീസർ
പ്രോജക്ട്	വീട്ടുവളപ്പിലെ കുളത്തിലെ മത്സ്യകൃഷി 67/21-22
ചെലവഴിച്ച തുക,ഫണ്ടിനം	172830/- വികസന ഫണ്ട് ജനറൽ
ബിൽ നം	01/15.02.2022 – 117263 02/17.03.2022 – 31500 03/27.03.2022 - 24067

ശ്രീമതി അഭിരാമി അമൽ എന്ന വ്യക്തിക്ക് 31500/- രൂപ സബ്സിഡി നൽകിയിട്ടുണ്ട്. മേൽ ഗുണഭോക്താവ് ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടതായി കാണുന്നില്ല. വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (18/01.02.23) ലഭ്യമാക്കിയ മറുപടിയിൽ പഞ്ചായത്ത് കമ്മറ്റി തീരുമാനത്തിന്റെ (16.02.22 ലെ തീരുമാനം 4) അടിസ്ഥാനത്തിലാണ് മേൽ ഗുണഭോക്താവിനെ പ്രോജക്ടിൽ ഉൾപ്പെടുത്തിയതെന്നും അടുത്ത ഗ്രാമസഭയിൽ മേൽ വിഷയം ഉൾപ്പെടുത്തി സാധൂകരണം വാങ്ങികൊള്ളാമെന്നും നിർവ്വഹണോദ്യോഗസ്ഥ അറിയിച്ചിട്ടുണ്ട്. ശ്രീമതി അഭിരാമി അമലിനെ പ്രോജക്ടിൽ ഉൾപ്പെടുത്തിയ തീരുമാനത്തിന് ഗ്രാമസഭയുടെ സാധൂകരണം വാങ്ങുന്നതുവരെ സബ്സിഡി തുകയായ 31500/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-31 കോഴി വളർത്തൽ (ജനറൽ)- അപാകതകൾ

പ്രോജക്ട് നമ്പർ	77/22
പ്രോജക്ടിന്റെ പേര്, ഫണ്ടിനം	കോഴി വളർത്തൽ (വനിത) . വികസനഫണ്ട് (ജനറൽ)
ചെലവ്	406200/-
ബിൽ നമ്പർ , തീയതി	2/27.1.22 = 94800 8/19.2.22 = 102600 9/26.2.22= 48000 11/26.2.22 = 46800 12/23.3.22 = 29400 13/23.3.22= 84600
നിർവ്വഹണോദ്യാഗസ്ഥൻ	വെറ്ററിനറി സർജൻ

ജനറൽ വിഭാഗത്തിൽ പെടുന്ന 677 ഗുണഭോക്താക്കൾക്ക് കോഴികളെ വാങ്ങിയതിന് 600 രൂപ വീതം സബ്സിഡി അനുവദിച്ചിട്ടുണ്ട് (യൂണീറ്റ് കോസ്റ്റ് 1200/-). പ്രോജക്ട് നിർവ്വഹണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1) തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 14.2.18 ലെ ജി.ഒ (എം.എസ്) 22/18 നമ്പർ ഉത്തരവിന്റെ ഖണ്ഡിക 6.2 പ്രകാരം കോഴി വളർത്തൽ പദ്ധതിക്ക് ജനറൽ / പട്ടികജാതി വിഭാഗങ്ങൾക്ക് സബ്സിഡി അനുവദിക്കുന്നതിനുള്ള കുടുംബ വാർഷിക വരുമാന പരിധി അഞ്ച് ലക്ഷം രൂപയാണ്. എന്നാൽ ചുവടെ ചേർക്കുന്ന ഗുണഭോക്താക്കളുടെ റേഷൻകാർഡ് പ്രകാരം കുടുംബത്തിൽ കേന്ദ്ര / സംസ്ഥാന സർക്കാർ ജീവനക്കാർ ഉള്ളതായി കാണുന്നു. എന്നാൽ കുടുംബ വാർഷിക വരുമാന പരിധി തെളിയിക്കുന്ന രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

ക്രമ നമ്പർ	ഗുണഭോക്താവ്	വാർഡ്	സബ്സിഡി
1	ശാന്ത റ്റി.ജി, പുളിക്കശ്ശേരി	3	600
2	സജിന റ്റി.എ, കളപ്പുരമ്യാലിൽ	13	600
3	തങ്കമ്മ കെ, വിജയ് നിവാസ്	5	600
4	രേണുക മുളമ്പാത്ത്	1	600
5	ലില്ലി തോമസ് , വൈപ്പേൽ	11	600
6	സരോജിനി ഷൈനി നിവാസ്	16	600
7	ബിന്ദു സജി കൊല്ലംപറമ്പിൽ	3	600
8	ലിസ്സി ജോൺസൺ, തെങ്ങനാത്ത് മൂഴിൽ	14	600
9	രശ്മി പ്ളാന്തടത്തിൽ	6	600
10	ഓമന തറച്ചുറ്റിൽ	13	600
11	സലിയാമ്മാ അബു ഹസീന മൻസിൽ	11	600
12	ഷാജി ഖാൻ മുളമ്പാത്ത്	1	600
13	ഗീത സി.പി കരിപ്പള്ളിമലയിൽ	14	600
14	അനുമോൾ അനീഷ് ,പടിഞ്ഞാറെ ചെമ്മഞ്ചിയിൽ	2	600

15	രാധമ്മ സുകുമാർ,പ്ളാന്തടത്തിൽ	8	600
16	രജനി കെ.കെ കല്ലുവേലിൽ	10	600
	ആകെ		9600

റേഷൻ കാർഡിലെ വരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് സബ്സിഡി നൽകിയതെന്നാണ് ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 10/30.1.23) ലഭിച്ച മറുപടി. ഗുണഭോക്താവിന്റെ വരുമാനം സംബന്ധിച്ച് അഞ്ച് ലക്ഷം രൂപയിൽ കവിയുന്നില്ല എന്ന് നിർവ്വഹണോദ്യോഗസ്ഥന് ഉറപ്പുള്ളപക്ഷം ഇത് സംബന്ധിച്ച് നിർവ്വഹണോദ്യോഗസ്ഥൻ ഒരു സാക്ഷ്യപത്രം സൂക്ഷിക്കണമെന്ന് മാർഗ്ഗരേഖയിൽ പരാമർശിക്കുന്നുണ്ട്. എന്നാൽ പ്രസ്തുത സാക്ഷ്യപത്രം സൂക്ഷിച്ചിട്ടില്ല. അപാകതകൾ പരിഹരിക്കുന്നതിലേക്കായി 9600/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

2) നിരവധി ഗുണഭോക്താക്കളുടെ വാർഷിക വരുമാനം തെളിയിക്കുന്ന രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	ഗുണഭോക്താവ്	വാർഡ്
1	ദീപാ ദിവാകരൻ	2
2	സിമി കളത്ത് രാത്ത് കുഴിയിൽ	2
3	മേരി കളത്ത് രാത്ത്	2
4	ഗീത പാലയ്ക്ക വൈപ്പേൽ	3
5	മേരി ജോസഫ്, കാലാപ്പിള്ളിൽ	3
6	വിൽസി മാത്യു കാലാപ്പിള്ളിൽ	4
7	രാജേശ്വരി രാധാനിവാസ്	5
8	അമ്മിണി കെ.എൻ തുറക്കാലിൽ	10
9	റാബി നാസർ, തേക്കുംവനത്തിൽ	11
10	സാറാമ്മ മാമ്പിള്ളിയിൽ	2
11	ഷീബാ ഗിരിലാൽ	13
12	അമ്പിളി തങ്കപ്പൻ	1
13	പ്രസന്ന കെ.കെ	1
14	കുട്ടിയമ്മ മരിയാ ഭവൻ	1
15	ദീപാ അജി മഴുകുന്നേൽ	1

മുഴുവൻ ഗുണഭോക്താക്കളുടെയും വരുമാനം തെളിയിക്കുന്ന റേഷൻകാർഡിന്റെ പകർപ്പുകൾ ഫയലിൽ സൂക്ഷിക്കേണ്ടതാണ്. അപാകതകൾ ആവർത്തിക്കാതിരിക്കേണ്ടതാണ്.

1-32 വരുമാനസർട്ടിഫിക്കറ്റ് പരിശോധിക്കാതെ സബ്സിഡി അനുവദിച്ചു.

പ്രോജക്ട് നമ്പർ	78/22
പ്രോജക്ടിന്റെ പേര്, ഫണ്ടിനം	കോഴി വളർത്തൽ (വനിത) . വികസനഫണ്ട് (എസ്.സി.പി)
ചെലവ്	132300/-
ബിൽ നമ്പർ , തീയതി	3/27.1.22 = 29700 7/21.2.22 = 23400 10/26.2.22 = 27900 14/23.3.22= 51300

നിർവ്വഹണോദ്യാഗസ്ഥൻ	വെറ്ററിനറി സർജൻ

എസ്.സി വിഭാഗത്തിൽ പെടുന്ന 147 ഗുണഭോക്താക്കൾക്ക് 10 കോഴികളെ വീതം വാങ്ങിയതിന് 900 രൂപ വീതം സബ്സിഡി അനുവദിച്ചിട്ടുണ്ട് (യൂണിറ്റ് കോസ്റ്റ് 1200/-). തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 14.2.18 ലെ ജി.ഒ (എം.എസ്) 22/18 നമ്പർ ഉത്തരവിന്റെ ഖണ്ഡിക 6.2 പ്രകാരം കോഴി വളർത്തൽ പദ്ധതിക്ക് ജനറൽ / പട്ടികജാതി വിഭാഗങ്ങൾക്ക് സബ്സിഡി അനുവദിക്കുന്നതിനുള്ള കുടുംബ വാർഷിക വരുമാന പരിധി അഞ്ച് ലക്ഷം രൂപയാണ്. എന്നാൽ ചുവടെ ചേർക്കുന്ന ഗുണഭോക്താക്കളുടെ റേഷൻകാർഡ് പ്രകാരം കുടുംബത്തിൽ കേന്ദ്ര / സംസ്ഥാന സർക്കാർ ജീവനക്കാർ ഉള്ളതായി കാണുന്നു. എന്നാൽ കുടുംബ വാർഷിക വരുമാന പരിധി തെളിയിക്കുന്ന രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

ക്രമ നമ്പർ	ഗുണഭോക്താവ്	വാർഡ്	സബ്സിഡി
1	സജിനി വട്ടത്തറയിൽ	13	900
2	സരോജിനി മടത്തേട്ട് വീട്	3	900
3	ചെല്ലമ്മ മനോഹരൻ കോട്ടപ്പുതുവൽ	15	900
4	കൊച്ചുപെണ്ണ് മൂഴിയിൽ പ്ളാന്തടം	8	900
	ആകെ		3600

അപാകതയ്ക്ക് രേഖാമൂലം വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നമ്പർ 9/30.1.23) നൽകുകയുണ്ടായി.റേഷൻ കാർഡിലെ വരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് സബ്സിഡി നൽകിയതെന്നാണ് ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭിച്ച മറുപടി. ഗുണഭോക്താവിന്റെ വരുമാനം സംബന്ധിച്ച് അഞ്ച് ലക്ഷം രൂപയിൽ കവിയുന്നില്ല എന്ന് നിർവ്വഹണോദ്യോഗസ്ഥന് ഉറപ്പുള്ളപക്ഷം ഇത് സംബന്ധിച്ച് നിർവ്വഹണോദ്യോഗസ്ഥൻ ഒരു സാക്ഷ്യപത്രം സൂക്ഷിക്കണമെന്ന് മാർഗ്ഗരേഖയിൽ പരാമർശിക്കുന്നുണ്ട്. എന്നാൽ പ്രസ്തുത സാക്ഷ്യപത്രം സൂക്ഷിച്ചിട്ടില്ല. അപാകതകൾ പരിഹരിക്കുന്നതിലേക്കായി 3600/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-33 കന്നുകുട്ടി പരിപാലനം - അപാകതകൾ

പ്രോജക്ട് നമ്പർ	69/22
പ്രോജക്ടിന്റെ പേര്, ഫണ്ടിനം	കന്നുകുട്ടി പരിപാലനം. വികസനഫണ്ട് (ജനറൽ)
ചെലവ്	300000/-
ബിൽ നമ്പർ , തീയതി	1/21-22 , 21.1.22
നിർവ്വഹണോദ്യാഗസ്ഥൻ	വെറ്ററിനറി സർജൻ

ജനറൽ വിഭാഗത്തിൽ പെടുന്ന 48 ഗുണഭോക്താക്കൾക്ക് തൻവർഷം കാലിത്തീറ്റവിതരണത്തിന് പ്രതിമാസം 6250 രൂപ വീതം അനുവദിച്ച് തുക അസി.ഡയറക്ടർ കാഫ് ഫീഡ് സബ്സിഡി പ്രോഗ്രാമിന്റെ അക്കൗണ്ടിലേക്ക് നൽകിയിട്ടുണ്ട് . കരിപ്പാടം ക്ഷീരസംഘത്തെയാണ് കാലിത്തീറ്റവിതരണ ചുമതല ഏൽപ്പിച്ചിരിക്കുന്നത്. തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 14.2.18 ലെ ജി.ഒ (എം.എസ്) 22/18 നമ്പർ ഉത്തരവിന്റെ ഖണ്ഡിക 6.2 പ്രകാരം കന്നുകുട്ടിപരിപാലന പദ്ധതിക്ക് ജനറൽ /പട്ടികജാതി വിഭാഗങ്ങൾക്ക് സബ്സിഡി അനുവദിക്കുന്നതിനുള്ള കുടുംബ വാർഷിക വരുമാന പരിധി അഞ്ച് ലക്ഷം രൂപയാണ്. എന്നാൽ അപേക്ഷകളും റേഷൻ കാർഡിന്റെ പകർപ്പുകളും മറ്റ് രേഖകളും ഫയലിൽ സൂക്ഷിച്ചിട്ടില്ല.

വിതരണ രജിസ്റ്റർ പ്രകാരം 2/22 മുതൽ കാലിത്തീറ്റ വിതരണം ആരംഭിച്ചു. എന്നാൽ ശ്രീമതി പ്രസന്ന സൂരജ് നിവാസ് എന്ന ഗുണഭോക്താവ് 10/22 ന് ശേഷം കാലിത്തീറ്റ വാങ്ങിയിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നമ്പർ 8/30.1.22) നൽകുകയുണ്ടായി. ശ്രീമതി പ്രസന്ന സൂരജ് നിവാസ് എന്ന ഗുണഭോക്താവിന്റെ കിടാരി ചത്ത് പോയതിനാലാണ് കാലിത്തീറ്റ വാങ്ങാത്തതെന്നാണ് മറുപടി ലഭ്യമായത്. ബാലൻസ് തുക തുടർ വർഷങ്ങളിൽ ക്രമീകരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ഗുണഭോക്താക്കളുടെ അപേക്ഷകളും അനുബന്ധരേഖകളും ഫയലിൽ സൂക്ഷിക്കേണ്ടതാണ്.

1-34 ബിൽ ബുക്ക്, ചെലവ് രേഖകൾ എന്നിവ ഹാജരാക്കിയിട്ടില്ല.

മെഡിക്കൽ ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായ പ്രോജക്ടുകൾ പരിശോധിച്ചതിൽ താഴെ പറയുന്ന ബില്ലുകൾ പ്രകാരം നടത്തിയ ചെലവുകളുടെ രേഖകൾ, ബില്ലുകൾ എന്നിവ ഹാജരാക്കിയിട്ടില്ല. 2021-22 വർഷത്തെ ബിൽ ബുക്ക് ഹാജരാക്കാത്തതിനാൽ എ.സി.ആർ പ്രകാരമുള്ള ബിൽ വിവരങ്ങളാണ് ചേർത്തിരിക്കുന്നത്.

ബിൽ വിശദാംശങ്ങൾ	പ്രോജക്ട്	തുക
നം 215/24.01.22- തുക 73800 രൂപ (വികസന ഫണ്ട് ജനറൽ)	നം 66- ഡോക്ടർ നഴ്സ് ഫാർമസിസ്റ്റ് സാലറി	73800
നം 268/02.03.22- തുക 4664 രൂപ (വികസന ഫണ്ട് ജനറൽ)	നം 66- ഡോക്ടർ നഴ്സ് ഫാർമസിസ്റ്റ് സാലറി	4664
നം 143/26.10.21- തുക 44520 രൂപ (മെയിന്റനൻസ് ഫണ്ട് നോൺറോഡ്)	84- കോവിഡ് പ്രതിരോധം	44520
	ആകെ	124766

പരാമർശിത ചെലവു വിവരങ്ങളുടെ വിശദാംശങ്ങൾ, 2021-22 വർഷത്തെ ബിൽ ബുക്ക് എന്നിവ ഹാജരാക്കേണ്ടതിനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (35/25.01.23) മറുപടി ലഭ്യമാക്കിയിട്ടില്ല. 124766/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-35 എസ്.സി കുട്ടികൾക്ക് ഫർണ്ണീച്ചർ - പർച്ചേസ് നടപടിക്രമം പാലിച്ചില്ല.

പ്രോജക്ട്	37/22,
നിർവ്വഹണോദ്യോഗസ്ഥൻ	ഹെഡ്മിസ്ട്രസ്സ്
ചെലവ് , ഫണ്ടിനം	300000/- വികസനഫണ്ട് (എസ്.സി.പി)
ബിൽ നമ്പർ, തീയതി	1/17.3.22

മേൽ പ്രോജക്ട് പ്രകാരം 60 വിദ്യാർത്ഥികൾക്ക് Forest Industries Travencore എന്ന സ്ഥാപനത്തിൽ നിന്ന് 5000/- രൂപ നിരക്കിൽ ഫർണ്ണീച്ചറുകൾ വാങ്ങി നൽകിയിട്ടുണ്ട്. പ്രോജക്ടിന്റെ നിർവ്വഹണത്തിനായി അക്രഡിറ്റഡ് ഏജൻസികളിൽ നിന്ന് ക്വട്ടേഷൻ ക്ഷണിക്കുകയും ചുവടെ ചേർക്കും പ്രകാരം ക്വട്ടേഷനുകൾ ലഭിക്കുകയും ചെയ്തു.

സ്ഥാപനം	ക്വോട്ട് ചെയ്ത തുക
KSIE	4990

SIDCO	4780
ARTCO	5000
FIT	5000

KSIE, SIDCO എന്നീ സ്ഥാപനങ്ങളുടെ കുറഞ്ഞ നിരക്കുകൾ പരിഗണിക്കാതെ 16.2.22 ലെ 23(1) നമ്പർ തീരുമാനപ്രകാരം FIT ക്ക് കരാർ നൽകി. ജി.ഒ (പി) നമ്പർ 259/2010/ത.സ്വ.ഭ.വ തീയതി 8.11.10 പ്രകാരം പ്രൊക്യൂർമെന്റ് കമ്മറ്റി ഉപകരണങ്ങളുടെ ഗുണനിലവാരം പരിശോധിച്ച് പർച്ചേസിന് ശുപാർശ ചെയ്തിട്ടില്ല. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 6/30.1.23) ലഭ്യമാക്കിയ മറുപടിയിൽ ഗുണമേന്മയുള്ള ഉപകരണം ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂർ ലിമിറ്റഡ് എന്ന സ്ഥാപനത്തിനാണ് എന്ന് കമ്മിറ്റി വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിലാണ് സപ്ലൈ ഓർഡർ നൽകാൻ ഹെഡ്മിസ്ട്രസിനെ ചുമതലപ്പെടുത്തിയതെന്ന് അറിയിച്ചു. എന്നാൽ ഗുണനിലവാരം ഉറപ്പാക്കിയതുമായി ബന്ധപ്പെട്ട രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. പ്രൊക്യൂർമെന്റ് കമ്മിറ്റി നടപടിക്രമങ്ങൾ പാലിക്കാതെയും ഗുണനിലവാരം ഉറപ്പാക്കുന്നതിന് വിദഗ്ധ സേവനം ലഭ്യമാക്കാതെയും അധികമായി ചെലവഴിച്ച 13200/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. 13200/- രൂപ ഉത്തരവാദിയായ നിർവ്വഹണോദ്യോഗസ്ഥനിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

1-36 സാക്ഷരത പ്രേരകുമാർക്ക് ഓണറേറിയം നല്കിയത് തിരികെ ലഭിച്ചില്ല

സാക്ഷരത പ്രേരകുമാർക്കുള്ള ഓണറേറിയത്തിനുള്ള സർക്കാർ വിഹിതം , സാക്ഷരത മിഷന്റെ തനത് വിഹിതം എന്നിവ ലഭിക്കാതെ വരുമ്പോൾ ഓണറേറിയത്തിന് കുടിശ്ശിക ഉണ്ടാകുന്നതിനാൽ ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് തിരികെ ലഭ്യമാക്കണമെന്ന വ്യവസ്ഥയിൽ ആയത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തനത് ഫണ്ടിൽ നിന്ന് നല്കുന്നതിന് തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 26.02.2021 ലെ സർക്കാർ ഉത്തരവ് (സാധാ) 626/2021/ ത.സ്വ.ഭ.വ പ്രകാരം അനുമതി നൽകിയിട്ടുണ്ട്. ആയത് പ്രകാരം സാക്ഷരത പ്രേരകുമാർക്ക് 2020 ഡിസംബർ മുതൽ 2021 മാർച്ച് വരെയുള്ള മാസങ്ങളിലെ ഓണറേറിയം നൽകിയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

	ബിൽ വിശദാംശങ്ങൾ	പ്രേരക്	തുക	റിമാർക്സ്
1	വൗച്ചർ നം :22100034 തീയതി 12.04.21, തുക-22320	സൗജൻ.പി.ഐ	22320	2020 ഡിസംബർ, 2021 ജനുവരി, 2021 ഫെബ്രുവരി മാസങ്ങളിലെ ഓണറേറിയം
2	വൗച്ചർ നം :22100035 തീയതി 12.04.21, തുക-20128	സുരേഷ് ടി.ടി	20128	2020 ഡിസംബർ, 2021 ജനുവരി, 2021 ഫെബ്രുവരി മാസങ്ങളിലെ ഓണറേറിയം
3	വൗച്ചർ നം :2210036 തീയതി 12.04.21, തുക-16896	ജോൺസൺ ടി.എം	16896	2020 ഡിസംബർ, 2021 ജനുവരി, 2021 ഫെബ്രുവരി മാസങ്ങളിലെ

			ഓണറേറിയം
ആകെ		59344	

വൗച്ചറുകൾ പരിശോധിച്ചതിൽ പ്രേരക് മാർക്ക് ഓണറേറിയം നൽകാൻ ചെലവഴിച്ച തുക തിരികെ ലഭിച്ചതായി കാണുന്നില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം 26/03.02.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. തുക ലഭ്യമാകുന്ന മുറയ്ക്ക് തനത് ഫണ്ടിലേക്ക് റീകൂപ്പ് ചെയ്ത് വിവരമറിയിക്കേണ്ടതാണ്.

1-37 ആസ്തി പരിപാലനം

തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 20.01.2017 ലെ ജി.ഒ.(ആർ.ടി.)166/2017 നമ്പരായി പ്രസിദ്ധീകരിച്ച തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്കുള്ള അസറ്റ് മാനേജ്മെന്റ് മാനുവൽ പ്രകാരം പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനായി ഒരു അസ്സറ്റ് മാനേജ് മെന്റ് & മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കേണ്ടതും, ആസ്തികളുടെ വാർഷിക വിലയിരുത്തൽ നടത്തി അതിന്റെ അടിസ്ഥാനത്തിൽ അസറ്റ് മാനേജ്മെന്റ് സ്ട്രാറ്റജിയും(AMS), അസറ്റ് മാനേജ് മെന്റ് പ്ലാനും (AMP) തയ്യാറാക്കേണ്ടതാണ്. കൂടാതെ ആസ്തികളുടെ അർദ്ധ വാർഷിക റിവ്യൂ, വാർഷിക റിവ്യൂ എന്നിവയും നടത്തേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ ഇത്തരത്തിലുള്ള കമ്മറ്റി രൂപീകരിച്ചിട്ടില്ല.
പഞ്ചായത്തിൽ സൂക്ഷിക്കുന്ന ആസ്തി രജിസ്റ്റർ പരിശോധിച്ചതിൽ, നിർമ്മാണ ചെലവ്, അവസാന മെയിന്റനൻസ് വിവരങ്ങൾ, കൂട്ടിച്ചേർക്കലുകൾ നടത്തിയതിന്റെ തീയതിയും ചെലവും തുടങ്ങി പ്രധാനപ്പെട്ട രേഖപ്പെടുത്തലുകൾ നടത്തിയിട്ടില്ലാത്തതായി കാണുന്നു.

കാലഹരണപ്പെട്ടതും നിലവിൽ ഉപയോഗമില്ലാത്തതുമായ ആസ്തികൾ ഒഴിവാക്കുന്നതിനുള്ള മാനദണ്ഡങ്ങൾ തയ്യാറാക്കിയിട്ടില്ല. ആസ്തിരജിസ്റ്റർ തയ്യാറാക്കിയിട്ടുണ്ടെങ്കിലും രേഖപ്പെടുത്തിയിട്ടുള്ള പല ആസ്തികളെ സംബന്ധിച്ചും നിർമ്മാണം നടത്തിയ വർഷം രേഖപ്പെടുത്തിയിട്ടില്ല. ആസ്തി രജിസ്റ്റർ കാലികമാക്കി സാംഖ്യയുമായി ബന്ധിപ്പിക്കാത്തതിനാൽ വാർഷിക കണക്കിലെ ആസ്തിമൂല്യം യഥാർത്ഥത്തിലുള്ള മൂല്യത്തെ പ്രതിഫലിപ്പിക്കുന്നില്ല എന്ന് വിലയിരുത്തുന്നു.

ആസ്തിരജിസ്റ്റർ കാലികമായി പരിഷ്കരിക്കാൻ എല്ലാ മെമ്പർമാരും അതാത് വാർഡുകളിലെ പഞ്ചായത്ത് ഉടമസ്ഥതയിലുള്ള വസ്തു സംബന്ധിച്ച വിവരങ്ങൾ രേഖാമൂലം സെക്രട്ടറിക്ക് നൽകാനും ആയത് സംബന്ധിച്ച സ്റ്റിയറിംഗ് കമ്മറ്റി കൂടി നിജസ്ഥിതി വിലയിരുത്തി ആസ്തി രജിസ്റ്റർ കാലികമാക്കാനും 10.8.21 ലെ ഗ്രാമപഞ്ചായത്ത് കമ്മറ്റിയുടെ അജണ്ട 6 പ്രകാരം തീരുമാനിച്ചിരുന്നു (തീരുമാന നമ്പർ 1). പ്രസ്തുത തീരുമാനം നടപ്പിലാക്കിയതിന്റെ പുരോഗതി അറിയി ക്കാനാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നമ്പർ 7) നൽകുകയുണ്ടായി . ആയതിന് മറുപടി ലഭ്യമായില്ല. ആസ്തി രജിസ്റ്റർ കാലികമാക്കിയതിന് ശേഷം വിവരം ലഭ്യമാക്കേണ്ടതാണ്.

റോഡ് കണക്റ്റിവിറ്റി മാപ്പും പ്ലാനും അംഗീകാര സ്റ്റേജിൽ

സർക്കാർ ഉത്തരവ് (കൈ)നം. 11/2018/ത.സ്വ.ഭ.വ തീയതി:29.01.2018 പ്രകാരം പുറപ്പെടുവിച്ച പദ്ധതി മാർഗരേഖ ഖണ്ഡിക 7/13(1) നിർദ്ദേശിക്കും പ്രകാരം ഓരോ തദ്ദേശ ഭരണ സ്ഥാപനവും റോഡ് കണക്ടിവിറ്റി മാപ്പും റോഡ് കണക്ടിവിറ്റി പ്ലാനും നിർബന്ധമായും തയ്യാറാക്കിയിരിക്കണമെന്നും, ഏതൊരു റോഡ് നിർമ്മാണ പ്രൊജക്ടിനൊപ്പവും റോഡ് കണക്ടിവിറ്റി മാപ്പിൽ പ്രൊജക്ടിലൂടെ നടത്താനുദ്ദേശിക്കുന്ന പ്രവൃത്തി പ്രത്യേക നിറത്തിൽ അടയാളപ്പെടുത്തി സമർപ്പിക്കണമെന്നും പദ്ധതി മാർഗ്ഗരേഖകളിൽ പ്രത്യേകം പരാമർശിച്ചിട്ടുള്ളതാണ്.

റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കുന്നതിന് പദ്ധതി രൂപീകരിക്കുന്നതിന് പഞ്ചായത്ത് കമ്മിറ്റി 17.12.21 ലെ അജണ്ട 8 പ്രകാരം തീരുമാനിച്ചിട്ടുണ്ട്. അടുത്ത റിവിഷനിൽ പുതിയ പദ്ധതിയായി ഉൾപ്പെടുത്താമെന്നും തീരുമാനിച്ചിരുന്നു . തുടർ നടപടികൾ അറിയിക്കാനാവശ്യപ്പെട്ട് ഓഡിറ്റ്

എൻക്വയറി (നമ്പർ 7) നൽകുകയുണ്ടായി. എല്ലാ വാർഡുകളിലെയും റോഡുകളുടെ R Track Data തയ്യാറായിട്ടുണ്ടെന്നും ആയതിന്റെ കൃത്യത ഉറപ്പാക്കാൻ ഭരണസമിതി മുമ്പാകെ സമർപ്പിച്ചിട്ടുണ്ടെന്നും മറുപടി ലഭ്യമാക്കി . റോഡ് കണക്ടിവിറ്റി മാപ്പ് പൂർത്തീകരിച്ചശേഷം വിവരം അറിയിക്കേണ്ടതാണ് .

1-38 കോക്ലിയർ ഇംപ്ലാന്റേഷൻ ഉപകരണമെയിന്റനൻസ് ധനസഹായം- ചെലവ് വിവരങ്ങൾ, വിനിയോഗ സാക്ഷ്യ പത്രം എന്നിവ ഹാജരാക്കിയിട്ടില്ല

പ്രോജക്ട്- നം 152 – കോക്ലിയർ ഇംപ്ലാന്റേഷൻ ഉപകരണമെയിന്റനൻസ് ധനസഹായം

ചെലവ്- 50000 (വികനസന ഫണ്ട് ജനറൽ)

നിർവ്വഹണോദ്യോഗസ്ഥൻ- ഐ.സി.ഡി.എസ് സൂപ്പർവൈസർ

പ്രസ്തുത പ്രോജക്ട് പ്രകാരം വെള്ളൂർ ഗ്രാമപഞ്ചായത്ത് പരിധിയിൽ താമസിക്കുന്നതും കോക്ലിയർ ഇംപ്ലാന്റേഷൻ കഴിഞ്ഞതുമായ ഡിയോൺ ജോബി എന്ന വ്യക്തിക്ക് കോക്ലിയർ ഇംപ്ലാന്റേഷൻ ഉപകരണ മെയിന്റനൻസ് ധനസഹായം നൽകുന്നതിനായി കേരള സോഷ്യൽ സെക്യൂരിറ്റി മിഷന് 50000 രൂപ നൽകിയിട്ടുണ്ട് (അക്കൗണ്ട് നം 70101140000134). എന്നാൽ തുക ചെലവഴിച്ചത് സംബന്ധിച്ച വിവരങ്ങളോ കേരള സോഷ്യൽ സെക്യൂരിറ്റി മിഷനിൽ നിന്നുള്ള വിനിയോഗ സാക്ഷ്യപത്രമോ ഹാജരാക്കിയിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (35/25.01.23) മറുപടി ലഭ്യമാക്കിയിട്ടില്ല. 50000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. ചെലവ് വിവരങ്ങൾ, വിനിയോഗ സാക്ഷ്യ പത്രം എന്നിവ ഹാജരാക്കേണ്ടതാണ്.

1-39 വിനിയോഗവിവരം ലഭ്യമാകാത്ത പ്രോജക്ട് തുകകൾ.

തൻവർഷം സെക്രട്ടറി നിർവ്വഹിച്ച വിവിധ വർക്കുകൾക്കായി വിവിധ സ്ഥാപനങ്ങളിൽ തുക കൈമാറിയിട്ടുണ്ട്. ആയതിന്റെ വിനിയോഗവിവരം ലഭ്യമായിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	പ്രോജക്ട് നമ്പർ,പേര്	ചെലവ് തുക,ഫണ്ടിനം	ബിൽ നമ്പർ /വൗച്ചർ നമ്പർതീയതി	സ്ഥാപനം
1	130/22 കളരിക്കൽ മോട്ടോർ പുരയ്ക്ക് വൈദ്യുതി കണക്ഷൻ	101361/- വികസനഫണ്ട് (ജനറൽ) 100000/- ധനകാര്യകമ്മീഷൻ ഗ്രാന്റ്	35/27.3.22 386/26.3.22	അസി. എഞ്ചിനീയർ ഇലക്ട്രിക്കൽ സെക്ഷൻ തലയോലപ്പറമ്പ്
2	73/22 ഡി.പി.സി കെട്ടിടനിർമ്മാണം	200000/- വികസനഫണ്ട് (ജനറൽ)	3/16.5.21	ജില്ലാ പ്ലാനിംഗ് ഓഫീസ് കെട്ടിടം
3	161/22 അംഗനവാടി നമ്പർ 102 വൈദ്യുതി കണക്ഷൻ	33016/- ധനകാര്യകമ്മീഷൻ ഗ്രാന്റ്	23.2.22	അസി. എഞ്ചിനീയർ ഇലക്ട്രിക്കൽ സെക്ഷൻ തലയോലപ്പറമ്പ്
4	7/22 സാമൂഹ്യസുരക്ഷാമിഷൻ സംഭാവന	200000/- വികസനഫണ്ട് (ജനറൽ)	5/16.8.21	സാമൂഹ്യസുരക്ഷാമിഷൻ
	ആകെ	634377		

മേൽ പ്രോജക്ടുകളുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്. ആയതിലേക്കായി 634377/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-40 ലൈഫ് ഭവന പദ്ധതി - അവലോകനം

ലൈഫ് രജിസ്റ്റർ പ്രകാരം പഞ്ചായത്തിൽ ലൈഫ് ഭവന പദ്ധതികൾ മുഖേന നാളിതു വരെ 92 ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണത്തിന് ധന സഹായം നൽകിയിട്ടുണ്ട്. തൻവർഷം നടപ്പാക്കിയ ലൈഫ് ഭവന പദ്ധതികൾ ചുവടെ ചേർക്കുന്നു.

ക്രമ നം	പദ്ധതി വിശദാംശങ്ങൾ	ചെലവ്
1	പ്രോജക്ട് നം- 17/21-22 – ലൈഫ് ഭവന പദ്ധതി (എസ്.സി.പി)	6067617 രൂപ. (2206336- എസ്.സി.പി+ 1400000- സംസ്ഥാനാവിഷ്കൃത ഫണ്ട്+ 2120881- ജില്ലാ പഞ്ചായത്ത്+ 340400- ബ്ലോക്ക് പഞ്ചായത്ത്)
2	പ്രോജക്ട് നം- 120/21-22 – ലൈഫ് ഭവന പദ്ധതി (എസ്.സി.പി)	200000 രൂപ (100000- സംസ്ഥാനാവിഷ്കൃത ഫണ്ട്+ 100000- ജില്ലാ പഞ്ചായത്ത്)
3	പ്രോജക്ട് നം- 13/21-22 – ലൈഫ് ഭവന പദ്ധതി (ജനറൽ)	3840000 രൂപ (2760000-പൊതു വിഭാഗം ജനറൽ+ 140000- സംസ്ഥാനാവിഷ്കൃത ഫണ്ട്+ 940000- ജില്ലാ പഞ്ചായത്ത്)
	ആകെ	10107617 രൂപ

പ്രസ്തുത പ്രോജക്ടുകൾ പ്രകാരം തൻവർഷം 11 ഗുണഭോക്താക്കളുമായി എഗ്രിമെന്റിൽ ഏർപ്പെട്ടതിൽ എല്ലാവരും തന്നെ ഭവന നിർമ്മാണം പൂർത്തിയാക്കിയതായി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

1-41 സി.എഫ്.എൽ.റ്റി.സി - വരവ് ചെലവുകൾ

ക്രമ നമ്പർ	ഇനം	വരവ്	ചെലവ്
1	നാളിതുവരെ ദുരന്തനിവാരണ അതോറിറ്റിയിൽ നിന്ന് ലഭ്യമായ വരവ്	568211/-	
2	പ്രോജക്ട് പ്രകാരം ചെലവഴിച്ചത്	0	402970/- വികസനഫണ്ട്
3	തനത് ഫണ്ടിൽ നിന്നുള്ള ചെലവ്	0	111474/-
4	സംഭാവന	294206	196211
5	ആകെ ചെലവ്		710655

ചെലവുകൾക്ക് വൗച്ചറുകൾ കൃത്യമായി സൂക്ഷിച്ചിട്ടുണ്ട്. ബി3 /3374/21 27.10.21 പ്രകാരം

വിനിയോഗസാക്ഷ്യപത്രം ജില്ലാ കലക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്. റീകൂപ്പ് ചെയ്ത് കിട്ടാൻ തുകയൊന്നും അവശേഷിക്കുന്നില്ല.

കോവിഡുമായി ബന്ധപ്പെട്ട് സംഭാവന വരവുകൾക്കായി 21.5.21 ൽ ഫെഡറൽ ബാങ്കിൽ പ്രത്യേക അക്കൗണ്ട് (നമ്പർ 11130100096843) ആരംഭിച്ചിരുന്നു. പ്രസ്തുത അക്കൗണ്ടിൽ 28.12.22 ൽ 51202/- രൂപ ചെലവഴിക്കാതെ അവശേഷിക്കുന്നുണ്ട്. 31.3.23 വരെ ടി അക്കൗണ്ടിൽ പലിശയുൾപ്പെടെ ആകെ 297413/- രൂപ വരവും 246211/- രൂപ ചെലവുമുണ്ട്. ടി അക്കൗണ്ടിൽ നിന്നുള്ള ചെലവുകൾ പ്രത്യേക വൗച്ചറുകളായി സൂക്ഷിക്കേണ്ടതാണ്.

1-42 ആയുർവേദ ആശുപത്രിക്ക് മരുന്ന് - പൂർണ്ണമായി ലഭിച്ചില്ല.

പ്രോജക്ട് നമ്പർ	14/22
ചെലവ് , ഫണ്ടിനം	950000/- റോഡിതര സംരക്ഷണഗ്രാന്റ്
ബിൽ നമ്പർ, തീയതി	1/23.12.21 = 600000/- 3/14.3.22 = 350000/-
നിർവ്വഹണോദ്യോഗസ്ഥ	മെഡിക്കൽ ഓഫീസർ (ആയുർവേദം)

മേൽ പ്രോജക്ടിനായി റോഡിതര സംരക്ഷണഗ്രാന്റിൽ നിന്ന് 300000/- രൂപ വീതം പാട്ട്യം സോഷ്യൽ സർവ്വീസ് സൊസൈറ്റി , ആയുർധാര എന്നീ സ്ഥാപനങ്ങൾക്ക് നൽകുകയും മരുന്നുകൾ സ്റ്റോക്കിലെടുക്കുകയും ചെയ്തിട്ടുണ്ട്. ഔഷധിക്ക് 350000/- രൂപയും നൽകിയിരുന്നു. വിവിധ ഇൻവോയ്സുകൾ പ്രകാരം 340498/- രൂപയുടെ മരുന്നുകൾ ലഭ്യമായി. 9502/- രൂപയുടെ മരുന്നുകൾ ലഭിക്കാനുണ്ട്. ആയത് ലഭിച്ച ശേഷം ഇൻവോയ്സ് സഹിതം വിവരം ലഭ്യമാക്കേണ്ടതാണ്. ആയതിലേക്കായി 9502/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

1-43 മരുന്ന് ലഭ്യമാക്കിയില്ല

പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള പി.എച്ച്.സിയിലേക്ക് മരുന്നുകൾ ലഭ്യമാക്കുന്നതിന് താഴെ കൊടുത്തിരിക്കുന്ന ബില്ലുകൾ പ്രകാരം കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് 100186 രൂപ നൽകിയതിൽ 18563 രൂപക്കുള്ള മരുന്നുകൾ ലഭ്യമായിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. ബിൽ ബുക്ക് പരിശോധനക്ക് ഹാജരാക്കാത്തതിനാൽ എ.സി.ആർ ബിൽ വിവരങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നത് .

പ്രോജക്ട്	തുക കൈമാറുന്ന സ്ഥാപനം	ബിൽ വിശദാംശങ്ങൾ	നൽകിയ തുക	ലഭ്യമായ മരുന്നുകൾ	ബാക്കി
64-സാന്ത്വന പരിചരണ പദ്ധതി ചെലവ്-500000 (വികസന	എം.ഡി 16436 കെ.എം.സി.ൽ അക്കൗണ്ട് നം 362400180000037	162/16.11.21 തുക 83750 രൂപ	41724	39597	2127
		315/19.03.22 തുക 16436	16436	0	16436

ഫണ്ട് ജനറൽ)		രൂപ			
	ആകെ				18563

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (41/25.01.23) മറുപടി ലഭ്യമാക്കിയിട്ടില്ല. 18563/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. മരുന്നുകൾ ലഭ്യമാക്കി വിവരമറിയിക്കേണ്ടതാണ്.

1-44 ഐ.കെ.എം വിഹിതം - വിനിയോഗവിവരം ലഭ്യമായില്ല.

തൻവർഷം സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി പ്രോജക്ട് നമ്പർ 4/22 പ്രകാരം 79000/- രൂപ വികസനഫണ്ടിൽ നിന്നും പിൻവലിച്ച് (ബിൽ നമ്പർ 15/28.7.21) ഐ.കെ.എമ്മിന് നൽകിയിട്ടുണ്ട്. ആയതിന്റെ വിനിയോഗവിവരം ലഭ്യമായിട്ടില്ല. വിനിയോഗസാക്ഷ്യപത്രം ലഭ്യമാകുന്നമുറയ്ക്ക് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

ഭാഗം -2

വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -3

ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

3-1 എസ്.സി കുട്ടികൾക്ക് ഫർണ്ണീച്ചർ - പർച്ചേസ് നടപടിക്രമം പാലിച്ചില്ല.

പ്രോജക്ട്	37/22,
നിർവ്വഹണോദ്യോഗസ്ഥൻ	ഹെഡ്മിസ്ട്രസ്സ്
ചെലവ് , ഫണ്ടിനം	300000/- വികസനഫണ്ട് (എസ്.സി.പി)
ബിൽ നമ്പർ, തീയതി	1/17.3.22

മേൽ പ്രോജക്ട് പ്രകാരം 60 വിദ്യാർത്ഥികൾക്ക് Forest Industries Travencore എന്ന സ്ഥാപനത്തിൽ നിന്ന് 5000/- രൂപ നിരക്കിൽ ഫർണ്ണീച്ചറുകൾ വാങ്ങി നൽകിയിട്ടുണ്ട്. പ്രോജക്ടിന്റെ നിർവ്വഹണത്തിനായി അക്രഡിറ്റഡ് ഏജൻസികളിൽ നിന്ന് ക്വട്ടേഷൻ ക്ഷണിക്കുകയും ചുവടെ ചേർക്കും പ്രകാരം ക്വട്ടേഷനുകൾ ലഭിക്കുകയും ചെയ്തു.

സ്ഥാപനം	ക്വോട്ട് ചെയ്ത തുക
KSIE	4990
SIDCO	4780
ARTCO	5000
FIT	5000

KSIE, SIDCO എന്നീ സ്ഥാപനങ്ങളുടെ കുറഞ്ഞ നിരക്കുകൾ പരിഗണിക്കാതെ 16.2.22 ലെ 23(1) നമ്പർ തീരുമാനപ്രകാരം FIT ക്ക് കരാർ നൽകി. ജി.ഒ (പി) നമ്പർ 259/2010/ത.സ്വ.ഭ.വ തീയതി 8.11.10 പ്രകാരം പ്രൊക്യൂർമെന്റ് കമ്മറ്റി ഉപകരണങ്ങളുടെ ഗുണനിലവാരം പരിശോധിച്ച് പർച്ചേസിന് ശുപാർശ ചെയ്തിട്ടില്ല. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 6/30.1.23) ലഭ്യമാക്കിയ മറുപടിയിൽ ഗുണമേന്മയുള്ള ഉപകരണം ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂർ ലിമിറ്റഡ് എന്ന സ്ഥാപനത്തിനാണ് എന്ന് കമ്മിറ്റി വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിലാണ്

സപ്ലൈ ഓർഡർ നൽകാൻ ഹെഡ്മിസ്ട്രസിനെ ചുമതലപ്പെടുത്തിയതെന്ന് അറിയിച്ചു. പ്രൊക്യൂർമെന്റ് കമ്മിറ്റി നടപടിക്രമങ്ങൾ പാലിക്കാതെയും ഗുണനിലവാരം ഉറപ്പാക്കുന്നതിന് വിദഗ്ദ്ധ സേവനം ലഭ്യമാക്കാതെയും അധികമായി ചെലവഴിച്ച 13200/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. തുടർ മറുപടി ലഭ്യമാക്കേണ്ടതാണ്.

3-1 എസ്.സി കുട്ടികൾക്ക് ഫർണ്ണീച്ചർ - പർച്ചേസ് നടപടിക്രമം പാലിച്ചില്ല.

പ്രോജക്ട്	37/22,
നിർവ്വഹണോദ്യോഗസ്ഥൻ	ഹെഡ്മിസ്ട്രസ്സ്
ചെലവ് , ഫണ്ടിനം	300000/- വികസനഫണ്ട് (എസ്.സി.പി)
ബിൽ നമ്പർ, തീയതി	1/17.3.22

മേൽ പ്രോജക്ട് പ്രകാരം 60 വിദ്യാർത്ഥികൾക്ക് Forest Industries Travencore എന്ന സ്ഥാപനത്തിൽ നിന്ന് 5000/- രൂപ നിരക്കിൽ ഫർണ്ണീച്ചറുകൾ വാങ്ങി നൽകിയിട്ടുണ്ട്. പ്രോജക്ടിന്റെ നിർവ്വഹണത്തിനായി അക്രഡിറ്റഡ് ഏജൻസികളിൽ നിന്ന് ക്വട്ടേഷൻ ക്ഷണിക്കുകയും ചുവടെ ചേർക്കും പ്രകാരം ക്വട്ടേഷനുകൾ ലഭിക്കുകയും ചെയ്തു.

സ്ഥാപനം	ക്വോട്ട് ചെയ്ത തുക
KSIE	4990
SIDCO	4780
ARTCO	5000
FIT	5000

KSIE, SIDCO എന്നീ സ്ഥാപനങ്ങളുടെ കുറഞ്ഞ നിരക്കുകൾ പരിഗണിക്കാതെ 16.2.22 ലെ 23(1) നമ്പർ തീരുമാനപ്രകാരം FIT ക്ക് കരാർ നൽകി. ജി.ഒ (പി) നമ്പർ 259/2010/ത.സ്വ.ഭ.വ തീയതി 8.11.10 പ്രകാരം പ്രൊക്യൂർമെന്റ് കമ്മറ്റി ഉപകരണങ്ങളുടെ ഗുണനിലവാരം പരിശോധിച്ച് പർച്ചേസിന് ശുപാർശ ചെയ്തിട്ടില്ല. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 6/30.1.23) ലഭ്യമാക്കിയ മറുപടിയിൽ ഗുണമേന്മയുള്ള ഉപകരണം ഫോറസ്റ്റ് ഇൻഡസ്ട്രീസ് ട്രാവൻകൂർ ലിമിറ്റഡ് എന്ന സ്ഥാപനത്തിനാണ് എന്ന് കമ്മിറ്റി വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിലാണ് സപ്ലൈ ഓർഡർ നൽകാൻ ഹെഡ്മിസ്ട്രസിനെ ചുമതലപ്പെടുത്തിയതെന്ന് അറിയിച്ചു. എന്നാൽ ഗുണനിലവാരം ഉറപ്പാക്കിയതുമായി ബന്ധപ്പെട്ട രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. പ്രൊക്യൂർമെന്റ് കമ്മിറ്റി നടപടിക്രമങ്ങൾ പാലിക്കാതെയും ഗുണനിലവാരം ഉറപ്പാക്കുന്നതിന് വിദഗ്ദ്ധ സേവനം ലഭ്യമാക്കാതെയും അധികമായി ചെലവഴിച്ച 13200/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. 13200/- രൂപ ഉത്തരവാദിയായ നിർവ്വഹണോദ്യോഗസ്ഥനിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

ഭാഗം -4

പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ വിവരം

വർഷം	സർട്ടിഫിക്കേഷന് കണക്കുകൾ ലഭിച്ച തീയതി	സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി
2020-21	25.05.2022	30.01.2023

ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീറ്റ്

ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.

4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

വിഹിതം നല്കിയ സ്ഥാപനം	തുക ലഭിച്ച വർഷം	ലഭിച്ച തുക	പ്രോജക്ടിന്റെ പേര്	ചെലവ്	ബാക്കി
ബ്ലോക്ക് പഞ്ചായത്ത്, കടുത്തുരുത്തി	2021-22	73270	3/21-22 നെൽകൃഷി വികസനം നെൽവിത്തും കൂലിച്ചെലവും	73270	-
	2021-22	340400	17/21-22 – ലൈഫ് ഭവന പദ്ധതി (പട്ടികജാതി)	340400	-
	2021-22	30000	1/21-22 – അനുപൂരകപോഷകാഹാരം	30000	-
ആകെ		443670		443670	-
ജില്ലാ പഞ്ചായത്ത്, കോട്ടയം	2021-22	80000	126/21-22 കിഴങ്ങ് വർഗ്ഗങ്ങൾ വിതരണം	80000	
	2021-22	2120881	17/21-22 – ലൈഫ് ഭവന പദ്ധതി (പട്ടികജാതി)	2120881	
	2021-22	940000	166/21-22 ലൈഫ് ഭവന പദ്ധതി (ജനറൽ)	940000	
	2021-22	100000	120/21-22 – ലൈഫ് ഭവന പദ്ധതി (എസ് സി)	100000	
	2021-22	250000	2/21-22 ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പും ബത്തകളും	250000	
	2021-22	337000	1/21-22 – അനുപൂരകപോഷകാഹാരം	337000	
	2021-22	500000	68/21-22 പാലിനു സബ്സിഡി	500000	
	ആകെ	4327881		4327881	

4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ-

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

നിർവണ ഏജൻസി	പ്രവൃത്തിയുടെ പേര്	പ്രോജക്ട് നമ്പർ	മുൻകൂർ നൽകിയ തുക	ചെലവഴിച്ച തുക	ചെലവഴിക്കാൻ ബാക്കിയുള്ള

					തുക
കേരള വാട്ടർ അതോറിറ്റി	പൊതു ടാപ്പുകൾ റദ്ദ് ചെയ്യൽ	75/22	234000/- റോഡിതരസംരക്ഷണഗ്രാന്റ്	0	234000/-
കെ എസ് ഇ ബി	കളരിക്കൽ മോട്ടോർ പുരയ്ക്ക് വൈദ്യുതി കണക്ഷൻ	130/22	101361/- ധനകാര്യകമ്മീഷൻ ഗ്രാന്റ്	0	101361/-
കെ എസ് ഇ ബി	അംഗനവാടി നമ്പർ 102 വൈദ്യുതി കണക്ഷൻ	161/22	33016/- ധനകാര്യകമ്മീഷൻ ഗ്രാന്റ്	0	33016/-
ആകെ					368377/-

4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി തുകകൾ നല്കിയിട്ടില്ല.

4-5 വായ്പ/വായ്പാതിരിച്ചടവ്

വായ്പയുടെ പേര്/ ഉദ്ദേശ്യം	ഉത്തരവ് നമ്പർ/തിയ്യതി	ആകെ വായ്പ തുക	വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കി യുണ്ടായിരുന്ന തുക	തൻവർഷ വരവ്	തൻവർഷം തിരിച്ചടച്ച തുക		വർഷാവ സാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക
					മുതൽ	പലിശ	
ഭവന നിർമ്മാണ പദ്ധതി	സ.ഉ(എം.എസ്) നം.83/13 തസ്വ.ഭ.വ തീയതി11.03.13	9800000	1405696	-	450000	-	955696
കെ.യു.ആർ.ഡി. എഫ്.സി (ലൈഫ്)	ജി.ഒ.(എം.എസ്.) നം.100/ 2018/തസ്വഭവ, 30.7.18	3851860	2942527	-	1202667	-	1739860

വായ്പാ രജിസ്റ്റർ വായ്പ സംബന്ധിക്കുന്ന എല്ലാ വിവരങ്ങളും സമഗ്രമായി ഉൾപ്പെടുത്തി പരിപാലിക്കേണ്ടതാണ്.

4-6 സ്ഥിരനിക്ഷേപം

ബാലൻസ് ഷീറ്റ് 2021-22 വർഷത്തെ സ്ഥിരനിക്ഷേപ കണക്കുകളുടെ വിവരം ചുവടെ ചേർക്കുന്നു. തൻവർഷ പലിശ രേഖപ്പെടുത്തിയിട്ടില്ല.

വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം	5000000
തൻവർഷം നിക്ഷേപിച്ച തുക(പലിശ)	0

ആകെ	5000000
തന്നാണ്ടിൽ പിൻവലിച്ച തുക	0
31/03/2022-ൽ അവശേഷിക്കുന്ന സ്ഥിരനിക്ഷേപം	5000000

നിക്ഷേപത്തിന്റെ വിവരം	FD അക്കൌണ്ട് നം.	തുക
വെള്ളൂർ സർവീസ് സഹകരണ ബാങ്ക്, 28372	28372	5000000
	ആകെ	5000000

വെള്ളൂർ സർവീസ് സഹകരണ ബാങ്കിലെ സാമ്പത്തിക പ്രതിസന്ധി മൂലം സ്ഥിരനിക്ഷേപത്തിന് നിലവിൽ പലിശ ലഭിക്കുന്നില്ല.പഞ്ചായത്തിന്റെ സ്ഥിരനിക്ഷേപ തുക പലിശ ഉൾപ്പെടെ തിരികെ ലഭിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് സർക്കാരിനോട് അഭ്യർത്ഥിക്കുന്നതിന് 14.01.2022 ലെ തീരുമാനം നമ്പർ 1 പ്രകാരം പഞ്ചായത്ത് കമ്മറ്റി തീരുമാനമെടുത്തതായി കാണുന്നു. തുടർനടപടികളുടെ വിവരങ്ങൾ ഓഡിറ്റിൽ അറിയിക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (40/04.02.2023) മറുപടി ലഭ്യമാക്കിയില്ല. സ്ഥിരനിക്ഷേപം സംബന്ധിക്കുന്ന തുടർനടപടികളുടെ വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല.

4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലുൾപ്പെട്ട ഖണ്ഡികകളുടെ വിവരങ്ങൾ

ഓഡിറ്റ് റിപ്പോർട്ട് വർഷം	ഖണ്ഡിക	സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം	ഖണ്ഡിക നം.	വിഷയം	ഇപ്പോഴത്തെ അവസ്ഥ
2008-09	3-6	2011-12	2-6	നിക്ഷേപപ്രവർത്തികളിൽ നടപടിക്രമെങ്ങൾ പാലിക്കുന്നില്ല-കേരള വാട്ടർ അതോറിറ്റി 1,12,908	ലോക്കൽഫണ്ട് അക്കൗണ്ട്സ് കമ്മറ്റി പരിഗണിച്ചിട്ടില്ല.
2008-09	3-6	2011-12	2-6	നിക്ഷേപപ്രവർത്തികളിൽ നടപടിക്രമങ്ങൾ പാലിക്കുന്നില്ല-കെ.എസ്.ഇ.ബി. 62845	ലോക്കൽഫണ്ട് അക്കൗണ്ടസ് കമ്മറ്റി പരിഗണിച്ചിട്ടില്ല.
2014-15	2-2, 2-3	2016-17	1,അനുബന്ധം.3	വസ്തു നികുതി അപാകതകൾ	ലോക്കൽഫണ്ട് അക്കൗണ്ടസ് കമ്മറ്റിയുടെ പരിഗണനയിൽ.

4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ചാർജ് /സർചാർജ് നടപടികളിലൂടെ തുകകൾ ഈടാക്കിയിട്ടില്ല.

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ)	:	82810304
ഓഡിറ്റ് വർഷത്തെ ആകെ ചെലവ്	:	76779953
വരവിനങ്ങളിലുള്ള നഷ്ടം (ചാർജ് ചെയ്യാവുന്നത്)	:	0
ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	:	13200
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	:	2619769

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക നമ്പർ	നഷ്ടമായ തുക		ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
	ചാർജ് ചെയ്യാവുന്നവ	സർചാർജ് ചെയ്യാവുന്നവ	
3-1		13200	ശ്രീമതി ബീനാകുര്യൻ, ഹെഡ്മിസ്ട്രസ്
ആകെ		13200	

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഖണ്ഡിക നമ്പർ	തുക	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
1-20	200000	ശ്രീ കെ സുരേഷ് കുമാർ, സെക്രട്ടറി
1-21	776625	ശ്രീമതി സുമി എസ്, അസി.എഞ്ചിനീയർ
1-23	46738	ശ്രീമതി ദേവി പാർവ്വതി എസ്, സെക്രട്ടറി
1-24	36054	ശ്രീമതി പ്രസന്ന എസ് റ്റി, സെക്രട്ടറി-ഇൻ-ചാർജ്
1-25	16857	ശ്രീമതി ദേവി പാർവ്വതി എസ്, സെക്രട്ടറി
1-26	16587	ശ്രീമതി ദേവി പാർവ്വതി എസ്, സെക്രട്ടറി
1-27	150000	ശ്രീ കെ സുരേഷ് കുമാർ, സെക്രട്ടറി
1-28	45000	ശ്രീമതി പ്രസന്ന എസ് റ്റി, അസി.സെക്രട്ടറി
1-29	450000	ശ്രീമതി പ്രസന്ന എസ് റ്റി, അസി.സെക്രട്ടറി
1-30	31500	ശ്രീമതി രശ്മി പി രാജൻ, അസി.ഫിഷറീസ് എക്സ്റ്റെൻഷൻ ഓഫീസർ
1-31(1)	9600	ഡോ.അനിൽകുമാർ ബി, വെറ്ററിനറി സർജൻ
1-32	3600	ഡോ.അനിൽകുമാർ ബി, വെറ്ററിനറി സർജൻ
1-34	124766	ഡോ.ശാന്തി പി ജോൺ, മെഡിക്കൽ ഓഫീസർ (PHC)

1-38	50000	ശ്രീമതി സിന്ധു വാസുദേവൻ, ഐസിഡിഎസ് സൂപ്പർവൈസർ
1-39	434377	ശ്രീമതി ദേവി പാർവ്വതി എസ്, സെക്രട്ടറി
	200000	ശ്രീ.സുരേഷ്കുമാർ കെ, സെക്രട്ടറി
1-42	9502	ഡോ.പി രാജേഷ്, മെഡിക്കൽ ഓഫീസർ, ആയുർവ്വേദം
1-43	18563	ഡോ.ശാന്തി പി ജോൺ, മെഡിക്കൽ ഓഫീസർ (PHC)
ആകെ	2619769	

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

പേര്/ഉദ്യോഗപ്പേര്	നിലവിലെ ഔദ്യോഗിക വിലാസം	സ്ഥിര മേൽ വിലാസം
ശ്രീമതി ബീനാകുര്യൻ,	ഹെഡ്മിസ്ട്രസ്, ഗവ.LPS, വെള്ളൂർ	പനവിള KRRWA38 മരട് എറണാകുളം

4-11 തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നും മുൻവർഷങ്ങളിൽ പുറപ്പെടുവിച്ച ഓഡിറ്റ് റിപ്പോർട്ടുകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെയും പ്രസ്തുത റിപ്പോർട്ടുകൾ സംബന്ധിച്ച് അവസാനമായി പുറപ്പെടുവിച്ച അനന്തരക്കുറിപ്പ്/റിപ്പോർട്ട്, തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

ഓഡിറ്റ് വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം	തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികളുടെ എണ്ണം
1999-2000	കെ.എസ്.എ-കെ.ടി.എം.പി8 അദാ 22 -1665(4)/22 02.08.22	3
2000-01,2001-02 പ്ലാൻ	എൽഎഫ്കെപി5/14 /04/20.12.2004/01.01.2005	-
2002-03	കെ.എസ്.എ-കെ.ടി.എം.പി8(അദാ.2018)/36(6) /18/20.03.18	4
2005-06	കെ.എസ്.എ-കെ.ടി.എം.പി8	6

	അദാ 22 -1665(10)/22 02.08.22	
2007-08	കെ.എസ്.എ-കെ.ടി.എം.പി8 അദാ 22 -1665(12)/22 02.08.22	2
2008-09	കെ.എസ്.എ-കെ.ടി.എം.പി8 അദാ 22 -1665(13)/22 02.08.22	2
2009-10	കെ.എസ്.എ-കെ.ടി.എം.പി8 അദാ 22 -1665(14)/22 02.08.22	2
2010-11,2011-12	കെ.എസ്.എ-കെ.ടി.എം.പി8 അദാ 22 -1665(15)/22 02.08.22	10
2012-13	കെ.എസ്.എ-കെ.ടി.എം.പി8 അദാ 22 -927/22 02.08.22	12
2014-15	കെ.എസ്.എ-കെ.ടി.എം.പി8 അദാ 22 -1052/22 02.08.22	2
2015-16	കെ.എസ്.എ-കെ.ടി.എം.പി8 1053/22 26.07.2022	5
2016-17	കെ.എസ്.എ-കെ.ടി.എം.പി8/1464 /17/17.12.2017	13
2017-18	കെ.എസ്.എ-കെ.ടി.എം.പി8 അദാ 22 -1055/22 02.08.22	14
2018-19	കെ.എസ്.എ-കെ.ടി.എം.പി8 -1404/19 05.12.2019	19
2019-20	കെ.എസ്.എ-കെ.ടി.എം.പി8 -142/22 07.04.2022	9
2020-21	കെ.എസ്.എ-കെ.ടി.എം.പി8 -41/22 06.06.2022	16

അവശേഷിക്കുന്ന ഖണ്ഡികകൾക്ക് വ്യക്തമായ മറുപടി അനുബന്ധ രേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഉൾപ്പെടെ ഓഡിറ്റിൽ ഹാജരാക്കി ഖണ്ഡിക തീർപ്പാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം-കോട്ടയം

അനുബന്ധം-1
ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോട്ടയം ജില്ലയിലെ വെള്ളൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

അനുബന്ധം-2

ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോട്ടയം ജില്ലയിലെ വെള്ളൂർ ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്